MALAYALEE ASSOCIATION OF THE UK
Kerala House, 671 Romford Road
Manor Park, London E12 5AD
Charity no. 1102663, Company no. 4934048

mauk.org
info@mauk.org
0044 (0)208 553 4667
mauklondon

# 2017-ലെ ഡയറക്ടർ ബോർഡ് റിപ്പോർട്ട്

## --ഭരണ നിർവഹണം-

### ഡയറക്ടർ ബോർഡ്

ഒരു രജിസ്ട്രേഡ് ചാരിറ്റിയും ഒരു ലിമിറ്റഡ് ബൈ ഗ്യാരണ്ടി കമ്പനിയുമാണ് MAUK. അതിനാൽ, ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് ചാരിറ്റി ട്രസ്റ്റികളുടേതിനും കമ്പനി ഡയറക്ടർമാരുടേതിനും സമാനമായ ഉത്തരവാദിത്തം ഉണ്ടായിരിക്കും.

### തെരഞ്ഞെടുപ്പുകൾ

2016 AGM-ഉം 2017 AGM-ഉം ഒരേ തീയതിയിൽ നമ്മൾ നടത്തുന്നതിനാൽ, 2017-ൽ സ്ഥാനം ഒഴിയുന്ന എണ്ണം ഡയറക്ടർമാരെ തെരഞ്ഞെടുക്കാൻ മാത്രമാണ് ഡയറക്ടർ ബോർഡ് ഉദ്ദേശിക്കുന്നത്.

2018 ജനുവരി 6-നു നടന്ന ബോർഡ് മീറ്റിങ്ങിൽ, ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതു മായി ബന്ധപ്പെട്ട് ഇനി പറയുന്ന പ്രമേയവും പാസാക്കുകയുണ്ടായി. 2017-ൽ കാലാവധി കഴിയുന്ന പത്ത് ഡയറക്ടർമാരെ 2016 AGM-ൽ തെരഞ്ഞെടുക്കേണ്ടതുണ്ടായിരുന്നു. എന്നാൽ, 2017 AGM-ൽ തെരഞ്ഞെടുപ്പുകൾ നീട്ടിവയ്ക്കുകയുണ്ടായി. 2016 നവംബർ 6-ന് നടന്ന 2015 AGM-ൽ ബോർഡിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് 2 വർഷം പൂർണമായും കാലാവധി പൂർത്തിയാക്കുന്നതിനു വേണ്ടിയായിരുന്നു ഇത്. 2017-ൽ രാജി വച്ച ഒഴിവിലുണ്ടായ സ്ഥാനങ്ങൾ നികത്താൻ ഡയറക്ടർമാരെ ക്ഷണിക്കാൻ പുതിയ ഡയറക്ടർ ബോർഡിന് അധികാരം ഉണ്ടായിരിക്കും. ക്ഷണിക്കപ്പെട്ട ഈ ഡയറക്ടർമാർക്ക് മുൻ ഡയറക്ടറുടെ കാലാവധി അവസാനിക്കുന്ന കാലയളവു വരെ (2018 AGM വരെ, ഇത് 2019-ൽ നടക്കും) ഓഫീസിൽ തത്സ്ഥാനത്ത് തുടരാം.

MAUK-യുടെ സംഘടനാ നിയമങ്ങളുടെ 38-ആം വകുപ്പ് പ്രകാരം ഓരോ വർഷവും ഡയറക്ടർമാരിൽ പകുതിപ്പേരുടെ ഊഴം മാറ്റും എന്ന് ഉറപ്പാക്കുന്നതാണ് മേൽപറഞ്ഞ പ്രമേയം.

ഈ വാർഷിക പൊതു യോഗത്തിൽ ബോർഡിന് ആവശ്യമായ എണ്ണം ഡയറക്ടർമാരെ മാത്രമേ തെരഞ്ഞെടുക്കുകയുള്ളൂ. പ്രസ്തുത ബോർഡിന്റെ ആദ്യ യോഗം ഭാരവാഹികളെ തെരഞ്ഞെടുക്കുകയും വിവിധ ഡയറക്ടർമാരുടെ ദൌത്യങ്ങളും ഉത്തരവാദിത്തങ്ങളും തീരുമാനിക്കുകയും ചെയ്യും.

### രാജിയും പുറത്താക്കലും

2017-ൽ ഇനി പറയുന്ന ഡയറക്ടർമാർ ബോർഡിൽ നിന്ന് രാജിവയ്ക്കുകയുണ്ടായി.
ശ്രീ. കെ ജി നായർ- വ്യക്തിപരമായ കാരണങ്ങൾ കൊണ്ട്

ശ്രീ. ജെയ്ൻലാൽ സോമൻ-വ്യക്തിപരമായ കാരണങ്ങൾ കൊണ്ട്
ശ്രീ. ജെയ്സൺ ജോർജ്- വ്യക്തിപരമായ കാരണങ്ങൾ കൊണ്ട്
ശ്രീ. ഹരിലാൽ വാസവൻ - സമയ പരിമിതി നിമിത്തം

അതു പോലെ തന്നെ, MAUK ഏൽപിച്ച ദൌത്യങ്ങൾ പൂർത്തിയാക്കുന്നതിൽ പരാജയപ്പെട്ട തിനാൽ ബോർഡ് ശ്രീ. ബൈജു ഗോപിനാഥിനോട് രാജിവയ്ക്കാൻ ആവശ്യപ്പെടുക യുണ്ടായി. ഒരു വിജയകരമായ ബിസിനസ് നോക്കിനടത്തുന്നതിനാലുള്ള സമയക്കുറവു മൂലമായിരുന്നു അദ്ദേഹത്തിന് ഈ കാര്യങ്ങളിൽ ശ്രദ്ധിക്കാൻ കഴിയാതെ പോയത്. ശ്രീ. ഗോപിനാഥിന്റെ മറുപടിക്കായി ബോർഡ് ഇപ്പോഴും കാക്കുകയാണ്.

ഡിസംബറിൽ, ശ്രീ. രവീന്ദ്രൻ നായർ, കഴിഞ്ഞ അഞ്ചു വർഷമായി നിലവിലുള്ള MAUK ജീവനക്കാരുടെ ബോർഡിലെ പ്രവർത്തനങ്ങളിൽ വിയോജിപ്പ് പ്രകടിപ്പിച്ച് രാജി സമർപ്പിക്കുകയുണ്ടായി.

**2017 മാനേജ്മെന്റ് ഘടന**

ഫലപ്രദവും കാര്യക്ഷമവുമായ രീതിയിലാണ് കാര്യനിർവഹണങ്ങൾ എന്ന് ഉറപ്പാക്കാൻ, MAUK-ന്റെ സേവനങ്ങളും പ്രവർത്തനങ്ങളും ഇനി പറയും പ്രകാരം മൂന്ന് ടീമുകളായി വിഭജിച്ചിരിക്കുകയാണ്.

സ്പോർട്സ്, ആർട്സ്, കൾചർ- കായികവും സാംസ്കാരികവുമായ എല്ലാ പരിപാടികളും ആസൂത്രണം ചെയ്യുകയും ഏകോപിപ്പിക്കുകയും ചെയ്യുക

റെഗുലർ സർവീസുകൾ- ആഴ്ച തോറും അല്ലെങ്കിൽ മാസം തോറും MAUK നൽകുന്ന ആക്ടിവിറ്റികളും സർവീസുകളും സുഗമമായി നിർവഹിക്കുക

പിന്തുണ സേവനങ്ങൾ- പ്രൊമോഷൻ, സ്പോൺസർഷിപ്പ്, മാർക്കറ്റിങ് എന്നിവയോടൊപ്പം പബ്ലിക് റിലേഷനും മെംബർഷിപ്പും മാനേജ് ചെയ്യുക

മേൽപറഞ്ഞ ഓരോ ടീമിനും ഒരു ടീം ലീഡറെയും ഒരു അസിസ്റ്റന്റ് ടീം ലീഡറെയും അനുവദിക്കും. അതോടൊപ്പം ഈ ടീമിലുള്ള ഓരോ ഡയറക്ടർക്കും നേതൃത്വം നൽകാൻ ഒരു നിശ്ചിത പ്രോജക്റ്റ് ഏൽപിക്കും. പ്രസ്തുത ദൗത്യങ്ങൾ നിർവഹിക്കാനും പൂർത്തിയാക്കാനും അവർക്ക് ഇഷ്ടമുള്ള വളണ്ടിയർമാരേയും ടീം അംഗങ്ങളെയും തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കും. തങ്ങളുടെ ദൗത്യങ്ങൾ പൂർത്തിയാക്കാനും അതു പോലെ തന്നെ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും സ്വരൂപിക്കാനും ആവശ്യവും അനുയോജ്യവുമായ വളണ്ടിയർമാരെയും വിദഗ്ധരെയും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഈ സംവിധാനം നൽകുന്നുണ്ട്.

**അംഗത്വം**

MAUK മെംബർഷിപ്പിൽ നേരിയ വർധന ഉണ്ടായിട്ടുണ്ട്. ഈ വർഷം 12 പുതിയ അംഗങ്ങൾ നമ്മോടൊപ്പം ചേർന്നു. വലിയൊരു മെംബർഷിപ്പ് കാംപെയിൻ പദ്ധതിയിട്ടിരുന്നെങ്കിലും മറ്റ് അപ്രതീക്ഷിതവും പ്രാമുഖ്യവുമായ ദൗത്യങ്ങൾക്കിടയിൽ അത് യാഥാർത്ഥ്യമായില്ല.

**ജനനി- MAUK വാർഷിക സുവനീർ**

MAUK വാർഷിക സുവനീർ 'ജനനി' ഓണം ആഘോഷവേളയിൽ മുഖ്യാതിഥി പ്രകാശനം ചെയ്തു. ഉള്ളടക്കം കൊണ്ടും പ്രൊഫഷണലായ ഡിസൈനും ലേഔട്ടും കൊണ്ടും ഈ വർഷത്തെ പതിപ്പ് മികവു പുലർത്തിയെന്ന് വായനക്കാർ അഭിപ്രായപ്പെടുകയുണ്ടായി. യുകെ മലയാളികളുടെ ക്രിയാത്മക രചനകൾക്കാണ് ഈ സ്മരണിക മുൻഗണന നൽകിയത്. അതോടൊപ്പം MAUK-ന്റെ സേവനങ്ങളെയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള ഹ്രസ്വമായ ഒരു വിവരണവും നൽകി. ചീഫ് എഡിറ്റർ ശ്രീ. മണമ്പൂർ സുരേഷിനും മറ്റ് എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായ പ്രിയൻ സത്യനാരായണൻ, ജോസ് ആന്റണി, ശ്രീകലാ നായർ, മുരളി മുകുന്ദൻ എന്നിവർക്കും ഒരു മികച്ച പ്രസിദ്ധീകരണം തയാറാക്കി പുറത്തിറക്കിയതിന് ഈ ബോർഡ് പ്രത്യേകമായ അഭിനന്ദനവും നന്ദിയും രേഖപ്പെടുത്തുന്നു. കേരള കൗമുദിയും കലാകൗമുദിയും അടക്കം കേരളത്തിലെ നിരവധി ന്യൂസ് മാഗസിനുകളിലെ പ്രമുഖ ഡിസൈനർ ആയ അനിൽ രാജ് ആണ് ഈ വർഷത്തെ ജനനിയുടെ ഡിസൈനും ലേഔട്ടും തയാറാക്കിയത്. കേന്ദ്ര-സംസ്ഥാന സർക്കാർ പ്രസിദ്ധീകരണങ്ങളുടെ പ്രമുഖ ഡിസൈനർ കൂടിയാണ് അദ്ദേഹം. കേരളത്തിലെ പ്രമുഖ പ്രിന്റിങ് സ്ഥാപനങ്ങളിലൊന്നായ എറണാകുളത്തെ സ്റ്റെർളിങ് പ്രിന്റ് ഹൗസിലാണ് ഈ സുവനീർ അച്ചടിച്ചത്. ഈ സുവനീർ അച്ചടിച്ച് സൗജന്യമായി ഞങ്ങൾക്ക് വിതരണം ചെയ്യാൻ വഴിയൊരുക്കി ധനസഹായം നൽകിയ സ്പോൺസർമാർക്കും പരസ്യക്കാർക്കും ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു.

http://mauk.org/wp-content/uploads/2015/11/Janani_final-2-proof.pdf എന്ന ലിങ്കിൽ ക്ലിക്ക് ചെയ്തു കൊണ്ട് നിങ്ങൾക്ക് 2017 ജനനി ഡൗൺലോഡും ചെയ്യാം.

**ദൃശ്യകല സിൽവർ ജൂബിലി സുവനീർ**

MAUK നാടക ട്രൂപ്പ് ആയ ദൃശ്യകലയുടേ സിൽവർ ജൂബിലിയുടെ ഭാഗമായി ഒരു സ്പെഷ്യൽ എഡിഷൻ വാർഷിക സുവനീർ പ്രസിദ്ധീകരിക്കുകയുണ്ടായി. മലയാള നാടക രംഗത്തെ പ്രമുഖരായ വ്യക്തികളുടെ രചനകളോടൊപ്പം ദൃശ്യകലാ പ്രൊഡക്ഷൻസിനെയും കലാകാരന്മേരേയും കുറിച്ച് ഉൾക്കാഴ്ച നൽകുന്ന ലേഖനങ്ങളും കൊണ്ട് വേറിട്ടതായി ഈ സുവനീർ. ദൃശ്യകലയുടെ സ്ഥാപകാംഗങ്ങളിൽ ഒരാളും അതിന്റെ നട്ടെല്ലുമായ ശശി എസ് കുളമടയാണ് പ്രമുഖമായ ലേഖനങ്ങൾ സംഭാവന ചെയ്തതും ഈ സുവനീറിന്റെ എഡിറ്ററും. തിരുവനന്തപുരത്തെ AANU ടെക്നോളജീസ് ആണ് ഇതിന്റെ ഡിസൈനും ലേഔട്ടും നിർവഹിച്ചത്. ഈ സിൽവർ ജൂബിലി ആഘോഷവേളയിൽ ഇത് സൗജന്യമായി വിതരണം ചെയ്തു.

http://mauk.org/publications/dhrishyakala-25-th-anniversary-souvenir എന്ന ലിങ്കിൽ നിന്ന് ഈ സുവനീർ നിങ്ങൾക്ക് ഡൗൺലോഡ് ചെയ്യാം.

**വെബ്സൈറ്റ്**

ഓണാഘോഷവേളയിൽ MAUK നവീകരിച്ച മികവുറ്റ സൈറ്റ് അവതരിപ്പിക്കുകയുണ്ടായി. MAUKയുടെ വിവരങ്ങൾക്കു പുറമേ, കമ്യൂണിറ്റി അംഗങ്ങൾക്കു കൂടി പങ്കാളിത്തം വഹിക്കാൻ പര്യാപ്തമായ രീതിയിലാണ് പുതിയ സൈറ്റ് രൂപകൽപന ചെയ്തിരിക്കുന്നത്. ഈ സെറ്റിലെ കമ്യൂണിറ്റി സെക്ഷനിൽ നിന്ന് നമ്മുടെ കമ്യൂണിറ്റിയുടെ നേട്ടങ്ങൾ എടുത്തുകാട്ടുന്ന വിവരങ്ങളും അംഗങ്ങളുടെ ക്രിയാത്മക രചനകളും വരാനിരിക്കുന്ന സംഭവങ്ങളും ഒക്കെ അറിയാൻ കഴിയും. ഈ സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്താൻ ഞങ്ങൾ കമ്യൂണിറ്റി അംഗങ്ങളോടും സംഘടനകളോടും വ്യാപാരസ്ഥാനങ്ങളോടും അഭ്യർത്ഥിക്കുകയാണ്. അംഗങ്ങൾക്ക്

തങ്ങളുടെ രചനകൾ നിർവഹിക്കാൻ കഴിയുന്ന ഒരു ബ്ലോഗ് സെക്ഷനും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിൽ പ്രവർത്തിക്കുന്ന AANU ടെക്നോളജീസ് ആണ് ഈ പുതിയ സൈറ്റ് രൂപകൽപന ചെയ്തിരിക്കുന്നത്. ഈ സെറ്റ് സ്ഥിരമായി പരിപാലിക്കാനും കാലികമാക്കാനും അവരുമായി നമ്മൾ ഒരു കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. MAUKയുടെ ആർക്കൈവ് ആയും നമ്മൾ ഈ സൈറ്റ് ഉപയോഗിക്കും. അതുകൊണ്ടു തന്നെ, സെക്യൂരിറ്റി വർധിപ്പിക്കാനും ഡാറ്റാ നഷ്ടം കുറയ്ക്കാനും ഒരു ക്ലൗഡ് അധിഷ്ഠിത സർവറിലാണ് ഈ സൈറ്റ് ഹോസ്റ്റ് ചെയ്തിരിക്കുന്നത്.

**സോഷ്യൽ മീഡിയ**

നമ്മുടെ പബ്ലിസിറ്റിയുടെ ഒരു പ്രധാന മാർഗമെന്നോണം നമ്മുടെ ഫെയ്സ്ബുക്ക് പേജ് ആയ 'mauklondon'-ലൂടെ സോഷ്യൽ മീഡിയയിലും MAUK തങ്ങളുടെ സാന്നിധ്യം വർധിപ്പിച്ചിട്ടുണ്ട്. MAUK പരിപാടികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശങ്ങളും പ്രധാനപ്പെട്ട പരിപാടികളുടെ റിപ്പോർട്ടുകളും ഫോട്ടോകളും കൊണ്ട് ഈ പേജ് പതിവായി അപ്ഡേറ്റ് ചെയ്യാറുണ്ട്. അതുപോലെ തന്നെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വ്യക്തികൾക്ക് MAUK -മായി ആശയവിനിമയം നടത്താനുള്ള പ്രധാനപ്പെട്ട മാധ്യമങ്ങളിലൊന്നായി മാറുകയും ചെയ്തിട്ടുണ്ട് ഈ പേജ്.

@mauklondon എന്ന ടാഗിൽ ടിറ്ററിലും mauklondon എന്ന പേരിൽ യൂടൂബിലും നമ്മുടെ സാന്നിധ്യം ഉണ്ട്. ഇവ ക്രമേണ പ്രൊമോട്ട് ചെയ്യപ്പെടുന്നതായിരിക്കും.

**ആശയവിനിമയം**

പുറത്തും അതിലും പ്രധാനമായി നമുക്കുള്ളിലും ഉള്ള ആശയവിനിമ രീതികൾ നവീകരിക്കുകയും അത് കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. തൽപരകക്ഷികൾ വ്യക്തിഗത ഇമെയിലുകൾ ഉപയോഗിച്ച് ആശയവിനിമയം നടത്തുന്ന രീതി അവസാനിപ്പിച്ചിരിക്കുകയാണ്. എല്ലാ എക്സ്റ്റേണൽ കമ്യൂണിക്കേഷനും ഇപ്പോൾ ഔദ്യോഗിക ഇമെയിൽ വിലാസത്തിലൂടെയാണ് നിർവഹിക്കുന്നത്. എല്ലാക്കാര്യത്തിനും MAUK -യെ ബന്ധപ്പെടാൻ പ്രധാന ഇമെയിൽ ഐഡിയായി info@mauk.org ആണ് ഇപ്പോൾ പ്രൊമോട്ട് ചെയ്യപ്പെടുന്നത്. ഈ വിലാസത്തിൽ എത്തുന്ന മെയിലുകൾ ആറ് സീനിയർ മാനേജ്മെന്റ് ടീമിന് (SMT) ഫോർവേഡ് ചെയ്യും. അതിലൂടെ സുതാര്യതയും കാര്യശേഷിയും വർധിപ്പിക്കാനും എല്ലാവരിലേക്കും വിവരങ്ങൾ എത്തിക്കാനും കഴിയും. അതുപോലെ തന്നെ തുടക്കത്തിൽ പ്രസ്തുത വിഷയം കൈകാര്യം ചെയ്തിരുന്ന വ്യക്തിയുടെ അഭാവത്തിൽ ഫോളോ അപ്പ് കമ്യൂണിക്കേഷന് SMT-യിലെ മറ്റ് അംഗങ്ങളെ അനുവദിക്കും വിധമാണ് ഇത് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഡയറക്ടർമാർ മാറിയാലും ആശയവിനിമയം തുടർച്ചയായി നിലനിർത്താൻ ഇത് ഉപകരിക്കും.

**മീഡിയാ പർട്ണർമാർ**

മലയാളി സമൂഹത്തെ ലക്ഷ്യം വച്ചുള്ള വിവിധ പ്രിന്റ്, ഓൺലൈൻ, വിഷ്വൽ മീഡിയകളുമായി തുടർന്നും MAUK നല്ല ബന്ധം നിലനിർത്തിപ്പോരുന്നുണ്ട്. ഏതാണ്ട് എല്ലാ വിശേഷാവസരങ്ങളിലും നമ്മുടെ പ്രസ് റിലീസുകളും റിപ്പോർട്ടുകളും നമ്മുടെ മീഡിയാ പാർട്ണർമാർ അതേപടി പ്രസിദ്ധീകരിക്കുകയും ചെയ്യാറുണ്ട്. തുടർന്നും ഇവർ നൽകി വരുന്ന പിന്തുണയ്ക്ക് ഞങ്ങൾ നന്ദി രേഖപ്പെടുത്തുകയാണ്. ഗർഷോം ടിവി, ആനന്ദ്

മീഡിയ, മേഘ്നാ വിഷൻ, UKmalayalee.com, Britishmalayalee.com, കേരള ലിങ്ക്, കേരള കൗമുദി ഓൺലൈൻ, മനോരമാഓൺലൈൻ, ലണ്ടൻ മലയാളം റേഡിയോ എന്നിവർ ഇക്കാലയളവു വരെ നൽകിയ സേവനം നിസ്തുലമാണ്.

MAUK ലോഗോ

തെങ്ങുകളും നെറ്റിപ്പട്ടം കെട്ടിയ ഗജവീരനും അടങ്ങിയ ലോഗോ ആരുടെ സംഭാവനയാണെന്നതിന് തെളിവുകൾ ഒന്നുമില്ല. വർഷങ്ങളായുള്ള അതിന്റെ നിരന്തര ഉപയോഗം കൊണ്ട് അതിന് തെളിമ നഷ്ടപ്പെട്ടതിനാൽ, ഈ വർഷം ഈ ലോഗോ ഡിജിറ്റൽ ക്വാളിറ്റിയിൽ പുനസൃഷ്ടിക്കാൻ പ്രശസ്ത കലാകാരനായ ജോസ് ആന്റണിയെ ഞങ്ങൾ നിയോഗിക്കുകയുണ്ടായി.

**-കേരളാ ഹൗസ്-**

**2017**-ൽ പുതിയ ആക്റ്റിവിറ്റികളും സ്വകാര്യ വ്യക്തികൾ വാടകയ്ക്ക് എടുക്കുന്നതും കൊണ്ട് കേരള ഹൗസിന്റെ ഉപയോഗം വലിയ തോതിൽ തന്നെ വർധിക്കുകയുണ്ടായി. ഇത്തരത്തിൽ ഉപയോഗം വർധിച്ചതിനാൽ കേരളാ ഹൗസിന്റെ പ്രവർത്തനച്ചെലവിലും വർധന ഉണ്ടായി.

**കേരള ഹൗസ് വാടകയ്ക്ക് എടുക്കൽ**

ബുക്കിങ്ങിനുള്ള ചുരുങ്ങിയ സമയം 8 മണിക്കൂറിൽ നിന്ന് 4 മണിക്കൂർ ആക്കി കുറച്ചു കൊണ്ട് മെയിൻ ഹാൾ വാടകയ്ക്ക് എടുക്കുന്നത് കൂടുതൽ ലളിതമാക്കി. നിലവിൽ അംഗങ്ങൾക്ക് മെയിൻ ഹാൾ മണിക്കൂറിൽ 25 പൗണ്ടും അംഗങ്ങളല്ലാത്തവർക്ക് 30 പൗണ്ടുമാണ് വാടക നിരക്ക്. തദ്ദേശ വാസികൾക്ക് ഗുണകരമായ സാംസ്കാരികവും സാമൂഹികവുമായ പ്രോഗ്രാമുകൾക്ക് 15 പൗണ്ട് ഇളവ് ബാധകമാണ്. വാടകയ്ക്ക് എടുക്കുന്നവരെല്ലാം 200 പൗണ്ട് ഡിപ്പോസിറ്റ് നൽകുകയും വാടകയ്ക്ക് എടുക്കുന്നതിന്റെ നിബന്ധനകളും വ്യവസ്ഥകളും സമ്മതിച്ചു കൊണ്ട് ഒരു ബുക്കിങ് ഫോം പൂർത്തിയാക്കുകയും വേണം.

വേസ്റ്റ് ബിൻ 1100 ലിറ്റർ ആയി നമ്മൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. തങ്ങളുടെ ഫങ്ഷൻ കഴിഞ്ഞ് അവശേഷിക്കുന്ന വസ്തുക്കൾ വാടകക്കാർക്ക് കൊണ്ടുപോകുകയോ അല്ലെങ്കിൽ 15 പൗണ്ട് നൽകിക്കൊണ്ട് ഈ ബിൻ ഉപയോഗപ്പെടുത്തുകയോ ഇപ്പോൾ ചെയ്യാവുന്നതാണ്.

**സേഫ്റ്റി അപ്ഗ്രേഡുകൾ**

ആരോഗ്യവും സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നിർണായകമായ അപ്ഗ്രേഡുകൾ കേരളാ ഹൗസിൽ വരുത്തിയിട്ടുണ്ട്. ഫയർ സേഫ്റ്റിയുമായി ബന്ധപ്പെട്ടുള്ള നമ്മുടെ നിയമ ബാധ്യതകൾ നിറവേറ്റാൻ ഫയർ എക്വിപ്മെന്റ് വിലയിരുത്താനും അപ്ഗ്രേഡ് ചെയ്യാനും ഒരു സ്പെഷ്യലിസ്റ്റിനെ നമ്മൾ നിയോഗിക്കുകയുണ്ടായി. അതുപോലെ തന്നെ വർഷം തോറും ഈ ഫയർ എക്വിപ്മെന്റുകൾ സർവീസ് ചെയ്യാൻ നമ്മൾ അവരുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. 2008-നു ശേഷം ആദ്യമായി, ഫയർ എക്സ്റ്റിംഗ്യൂഷറുകൾ സർവീസ് ചെയ്യുകയും പുതിയവ വാങ്ങുകയും ചെയ്തു. അതുപോലെ തന്നെ ഫയർ ഇവാക്യുവേഷൻ പോളിസി നടപ്പിലാക്കുകയും ആവശ്യമായ സൈനേജുകൾ സ്ഥാപിക്കുകയും ചെയ്തു.

കേരളാ ഹൗസിലെ സിസിടിവി സിസ്റ്റം അപ്ഡേറ്റ് ചെയ്തു. ഇൽഫോഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇസി-ടെക്ക് ആണ് ഇത് നിർവഹിച്ചത്. നിലവിലെ എല്ലാ ക്യാമറകളും ഡിജിറ്റൽ ക്യാമറകളാക്കി മാറ്റുകയും ബ്ലൈൻഡ് സ്പോട്ടുകളെല്ലാം ഒഴിവാക്കാൻ മൂന്ന് പുതിയ ക്യാമറകൾ സ്ഥാപിക്കുകയും ചെയ്തു. ഒരു പുതിയ സിസിടിവി നയവും അവതരിപ്പിക്കുകയുണ്ടായി.

**ഇലക്ട്രോണിക് ഡോർ എൻട്രി സിസ്റ്റം**

കേരള ഹൗസിന്റെ ഉപയോഗം അറിയുന്നതിനും കേരളാ ഹൗസിലെ സേഫ്റ്റിയും സെക്യൂരിറ്റിയും വർധിപ്പിക്കുന്നതിനും ഇലക്ട്രോണിക് ഡോർ എൻട്രി സിസ്റ്റം നമ്മൾ സ്ഥാപിക്കുകയുണ്ടായി. ഇളവുകളോടെയുള്ള നിരക്കിൽ സെക്യൂരിറ്റി ആന്റ് കമ്യൂണിക്കേഷൻ സിസ്റ്റം (SCS) ആണ് ഈ ജോലി പൂർത്തിയാക്കിയത്. ഈ പുതിയ സിസ്റ്റം കേരളാ ഹൗസിന്റെ ഉപയോഗം കൃത്യമായി രേഖപ്പെടുത്തുകയും അതിലൂടെ ആരാണ് കേരളാ ഹൗസ് ഉപയോഗിച്ചത് എന്നത് തിരിച്ചറിയാനും അതിന്റെ രേഖകൾ സൂക്ഷിക്കാനും പ്രാപ്തമാക്കുകയും ചെയ്യും. അതുപോലെ തന്നെ സെല്ലാറിലേക്ക് നയിക്കുന്ന വാതിലിൽ ഒരു നമ്പർ ലോക്കും നമ്മൾ സ്ഥാപിക്കുകയുണ്ടായി. ഇത് സെക്യൂരിറ്റിയും സേഫ്റ്റിയും വർധിപ്പിക്കും.

**ഓഫീസും ബോർഡ് റൂമും**

ഒന്നാം നിലയിലെ പിൻഭാഗത്തുള്ള മുറി അധികാരപ്പെട്ട വ്യക്തികൾക്കു മാത്രം പ്രവേശിക്കാൻ കഴിയും വിധം ഓഫീസിനും ബോർഡ് റൂമിനും മാത്രമായി മാറ്റി. വളരെ പ്രധാനപ്പെട്ടതും നിയന്ത്രിതവുമായ രേഖകൾ സുരക്ഷിതമായി സൂക്ഷിക്കാൻ പുതിയ മേശകളും ലോക്ക് ചെയ്യാവുന്ന സ്റ്റോറേജും ഫയലിങ് ക്യബിനറ്റുകളും വാങ്ങി. സിസിടിവി റെക്കോർഡിങ് യൂണിറ്റും ഈ മുറിക്കുള്ളിലെ ചുവരിലെ ഒരു പൂട്ടിയ ക്യാബിനറ്റിൽ സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ട്.

**ലൈഫ് മെംബർമാർ കേരളാ ഹൗസ് ബുക്ക് ചെയ്തത്**

സഞ്ജീവ് ആനന്ദ്, മോഹൻദാസ് മാധവനന്ദൻ, ജയൻ പിള്ള എന്നീ ലൈഫ് മെംബർമാർ 2017-ൽ കേരളാ ഹൗസ് സൗജന്യമായി ബുക്ക് ചെയ്ത് ഉപയോഗിക്കുകയുണ്ടായി.

**2017-ൽ കേരളാ ഹൗസ് സന്ദർശിച്ച പ്രശസ്ത വ്യക്തികൾ:**

1. ശ്രീരാമ കൃഷ്ണൻ- കേരള സ്പീക്കർ
2. പോളി വർഗീസ്- ആർട്ടിസ്റ്റ്
3. പൈങ്കുളം നാരായണ ചാക്യാർ- ആർട്ടിസ്റ്റ്
4. നജീം അർഷാദ്- പിന്നണി ഗായകൻ
5. രൂപാ രേവതി- പിന്നണി ഗായിക
6. വിപിൻ സേവ്യർ- പിന്നണി ഗായകൻ
7. എ കെ ബാലൻ- കേരള മന്ത്രി
8. സണ്ണി ജോസഫ്- കേരള എം എൽ എ
9. കെ കൃഷ്ണൻ കുട്ടി- കേരള എം എൽ എ
10. എ പ്രദീപ് കുമാർ- കേരള എം എൽ എ
11. കലാമണ്ഡലം വിജയകുമാർ- ആർട്ടിസ്റ്റ്
12. കലാമണ്ഡലം കുട്ടികൃഷ്ണൻ- ആർട്ടിസ്റ്റ്
13. കോട്ടയ്ക്കൽ ദേവദാസ്- ആർട്ടിസ്റ്റ്

14. കലാമണ്ഡലം ബാലചന്ദ്രൻ- ആർട്ടിസ്റ്റ്
15. കലാമണ്ഡലം മോഹനകൃഷ്ണൻ- ആർട്ടിസ്റ്റ്
16. സദനം രാമകൃഷ്ണൻ- ആർട്ടിസ്റ്റ്
17. കലാമണ്ഡലം രാജശേഖരൻ- ആർട്ടിസ്റ്റ്
18. കലാമണ്ഡലം വിജയകുമാർ- ആർട്ടിസ്റ്റ്
19. കേളി രാമചന്ദ്രൻ- ഫിലിം മേക്കർ
20. പ്രഭാ വർമ്മ- കവി, പത്രപ്രവർത്തകൻ
21. ഡോ. കവിതാ ബാലകൃഷ്ണൻ, കവയിത്രി, പ്രൊഫസർ

**- ആർട്സ് & കൾചറൽ സർവീസുകൾ -**

**ദൃശ്യകല സിൽവർ ജൂബിലി ആഘോഷങ്ങൾ**

MAUK യുടെ ഏറെ സ്വീകാര്യത നേടിയ ഡ്രാമാ ട്രൂപ്പ് ആയ ദൃശ്യകല 2017 ഫെബ്രുവരി 11-ന് ഈസ്റ്റ് ഹാമിലെ പ്ലാഷെറ്റ് സ്കൂൾ ഓഡിറ്റോറിയത്തിൽ അതിന്റെ സിൽവർ ജൂബിലി ആഘോഷിച്ചു. ഈ ചരിത്ര നിമിഷത്തിന്റെ അടയാളമായി ദൃശ്യകല തങ്ങളുടെ ഏറ്റവും പുതിയ നാടകമായ 'നിറ നിറയോ നിറ' അവതരിപ്പിച്ചു. കേരളത്തിലെ നെൽപാടങ്ങൾ ഫ്ളാറ്റുകൾക്കും കെട്ടിടങ്ങൾക്കും വഴിമാറുന്നതിന്റെ നൊമ്പരങ്ങൾ പങ്കുവച്ച ഈ നാടകം അവാർഡ് ജേതാവായ ശ്രീ. രാജൻ കിഴക്കനേല രചനയും ശശി എസ് കുളമട സംവിധാനവും നിർവഹിച്ചു.

1989-ലാണ് ദൃശ്യകല സ്ഥാപിതമാകുന്നത്. ഇന്ത്യക്കും മിഡിൽ ഈസ്റ്റിനും പുറത്ത് ഏറ്റവും അധികകാലവും ഏറ്റവും വിജയകരമായും പ്രവർത്തനം കാഴ്ചവച്ചു കൊണ്ടിരിക്കുന്ന മലയാള ഡ്രാമാ ട്രൂപ്പ് ആകാം ഒരു പക്ഷേ ഇത്. ഇക്കാലയളവു വരെ 20-ലധികം വേറിട്ട നാടകങ്ങൾ യുകെയിലെമ്പാടുമുള്ള 30-ലധികം വേദികളിൽ ദൃശ്യകല അവതരിപ്പിക്കുകയുണ്ടായി. 1990-കളിൽ ഈസ്റ്റ് ഹാം, ക്രോയിഡോൺ, സൗത്ത്ഹാൾ എന്നിവിടങ്ങളിൽ നടന്ന നാടക മത്സരങ്ങളിൽ ഏറ്റവും അധികം അവാർഡുകളും ഈ ട്രൂപ്പ് സ്വന്തമാക്കുകയുണ്ടായി.

അന്നേ ദിവസം മുഖ്യാതിഥിയും ഈസ്റ്റ് ഹാം എംപിയുമായ ബഹു. സ്റ്റീഫൻ ടിമ്മിസ് ദൃശ്യകലയുടെ മുൻകാല പ്രവർത്തകർ അടക്കമുള്ള 90 കലാകാരന്മാരെ മെമന്റോ നൽകി ആദരിക്കുകയുണ്ടായി. വിവിധ സമുദായ സംഘടനകളുടെയും ബിസിനസ് സ്ഥാപനങ്ങളുടേയും സാരഥികളും തദ്ദേശീയ വാസികളിലെ പ്രമുഖ അംഗങ്ങളും ഈ ചരിത്ര നിമിഷത്തിന് സാക്ഷ്യംവഹിക്കാനെത്തി. ഒരു സ്പെഷ്യൽ എഡിഷൻ സുവനീറും ഈ ചടങ്ങിൽ പ്രകാശനം ചെയ്യുകയുണ്ടായി. ഈസ്റ്റ് ഹാമിലെ പിജെ എന്റർടെയിന്മെന്റും ഉദയാ റെസ്റ്റോറന്റും ആണ് ഈ ചടങ്ങ് സ്പോൺസർ ചെയ്തത്.

യുകെയ്ക്കും ഇന്ത്യക്കും ഇടയിലുള്ള സാംസ്കാരിക ബന്ധത്തിന്റെ അടയാളമായി വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രോഗ്രാമുകൾ സഹിതം 2017 'യുകെ-ഇന്ത്യ സാംസ്കാരിക വർഷം' ആയി പ്രഖ്യാപിച്ചിരുന്നു. അതിനാൽ തന്നെ അതേ വർഷം ആഘോഷിച്ച ദൃശ്യകലയുടെ ഈ സിൽവർ ജൂബിലി ആഘോഷങ്ങളും ഈ സാംസ്കാരിക മേളയുടെ ഭാഗമായി മാറുകയും എവരുടേയും ശ്രദ്ധ നേടുകയും ചെയ്തു. യുകെയിൽ പ്രവാസ ഇന്ത്യക്കാർ പരിപാലിക്കുന്ന സമൃദ്ധമായ സാംസ്കാരിക ബന്ധങ്ങളുടെ മനോഹരമായ ദൃഷ്ടാന്തമായി ദൃശ്യകലയുടെ ഈ നേട്ടങ്ങൾ.

നിരവധി വ്യക്തികളുടെ ആത്മാർത്ഥമായ സംഭാവനകളിലൂടെയാണ് ദൃശ്യകല ഈ ഉന്നതി നേടിയത്. എന്നിരുന്നാലും ശിവാനന്ദൻ കണ്വാശ്രമത്ത്, ബാൾഡ്വിൻ സൈമൺ,

നൗഷാദ് എ ആർ, ശ്രീവൽസലൻ പിള്ള, അസ്‌ലം ഹബീബ്, ശശി എസ് കുളമട എന്നിവരുടെ നിർണായകമായ പങ്ക് ഇവിടെ പ്രത്യേകം പരാമർശിക്കപ്പെടേണ്ടതു തന്നെയാണ്.

**ഓണം** 2017

പാരമ്പര്യവും ഗൃഹാതുരത്വവും സമ്മേളിച്ച വശ്യവും മാസ്മരികവുമായ സംഗീതവും നൃത്തവും പെയ്തിറങ്ങിയപ്പോൾ ഇൽഫോർഡ് ടൗൺ ഹാൾ നിറഞ്ഞൊഴുകി. അങ്ങനെ യുകെയിലെ ഏറ്റവും പ്രമുഖമായ ഓണാഘോഷങ്ങളിലൊന്നായി മാറി MAUK സ്വയം പൊന്നോണം 2017. 2017 സെപ്തംബർ 17 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2.40-ന് ആരംഭിച്ച് രാത്രി 8.40 വരെ നീണ്ട ഈ ആഘോഷങ്ങൾ പരമ്പരാഗതമായ രീതിയിൽ മഹാബലിയെ വരവേറ്റ് MAUK ഡയറക്ടർമാർ ഭദ്രദീപം കൊളുത്തി തുടക്കം കുറിച്ചു. പ്രാരംഭ ചടങ്ങുകൾക്കു ശേഷം തിരുവാതിര, മാർഗംകളി, ഒപ്പന, സിനിമാറ്റിക്, ക്ലാസിക് ഡാൻസുകൾ, ചെണ്ട ഫ്യൂഷൻ, നാടോടി നൃത്തം എന്നിങ്ങനെയുള്ള വിവിധ സാംസ്കാരിക പരിപാടികൾ MAUK കലാകാരന്മാരും പ്രമുഖരായ തദ്ദേശീയ കലാകാരന്മാരും ചേർന്ന് അവതരിപ്പിക്കുകയുണ്ടായി.

അരങ്ങേറിയ വിവിധ സാംസ്കാരിക പ്രോഗ്രാമുകളിൽ ഏറെ ശ്രദ്ധേയമായത് പ്രശസ്ത ചാക്യാർ കൂത്ത് കലാകാരനായ പൈങ്കുളം നാരായണ ചാക്യർ അവതരിപ്പിച്ച ചാക്യാർ കൂത്ത് ആണ്. അത്ര പ്രശസ്തമല്ലാത്ത പരമ്പരാഗത കേരള കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന MAUK-യുടെ പ്രതിബദ്ധതയുടെ ഭാഗമായാണ് ഈ വർഷത്തെ ഓണാഘോഷങ്ങളിൽ ചാക്യാർ കൂത്ത് കൂടി ഉൾപ്പെടുത്തിയത്.

ഈ ചടങ്ങിൽ മുഖ്യാതിഥി ആയിരുന്ന ലൗഫ്ടൺ മേയറും MAUK അംഗവുമായ ശ്രീ ഫിലിപ്പ് എബ്രഹാം മലയാളി സമൂഹത്തിന് MAUK തുടർച്ചയായി നൽകിക്കൊണ്ടിരിക്കുന്ന ശ്രേഷ്ഠമായ സേവനങ്ങൾ എടുത്തു പറയുകയുണ്ടായി.

ഈ വർഷത്തെ ഓണാഘോഷങ്ങളുടെ പ്രധാന ആകർഷണം MAUK നിസരി ഓർക്കെസ്ട്ര പ്രശസ്ത പിന്നണി ഗായകർ നജീം അർഷാദിനെയും രൂപാ രേവതിയേയും വിപിൻ സേവ്യറേയും അവതരിപ്പിച്ചതായിരുന്നു. ഇമ്പമൂറുന്ന മെലഡികളും ഓണപ്പാട്ടുകളും വയലിൻ ഫ്യൂഷനും കൊണ്ട് നജീമും രൂപയും സദസ്സിനെ കീഴടക്കിയപ്പോൾ വിപിൻ മലയാളം, തമിഴ്, ഹിന്ദി ഫാസ്റ്റ് നമ്പരുകളുടെ മിക്സ് കൊണ്ട് വേദിയിൽ നിറഞ്ഞാടി. അതിരുകൾ താണ്ടിയ പ്രശസ്തമായ 'ജിമിക്കി കമ്മൽ' ഈ ഗായകർ ആലപിച്ചപ്പോൾ MAUK-യിലെ യുവ നർത്തകർ വേദി കൈയടക്കിയതും ഈ അന്തരീക്ഷത്തിന് ഊർജം പകർന്നു.

ഇത്തരത്തിൽ വ്യത്യസ്തവും മനോഹരവുമായ പ്രോഗ്രാമുകളിലൂടെ ഈ വർഷത്തെ ഓണാഘോഷം പാരമ്പര്യം കൊണ്ടും ആധുനികത കൊണ്ടും യുവാക്കൾക്കും മുതിർന്നവർക്കും എക്കാലത്തും ഓർമ്മയിൽ നിറഞ്ഞു നിൽക്കുന്ന അനുഭവങ്ങൾ സമ്മാനിച്ചു. തങ്ങളുടെ വിലപ്പെട്ട അഭിപ്രയങ്ങളും സമയവും പ്രയത്നവും സംഭാവന ചെയ്യുകയും വേദിയിൽ പ്രകടനങ്ങൾ കാഴ്ചവയ്ക്കുകയും പരസ്യങ്ങളിലും ധനസമാഹരണത്തിലും സഹായിക്കുകയും അതിനേക്കാളെല്ലാം ഉപരിയായി പ്രസ്തുത ദിവസം അവിടെ സന്നിഹിതരാകുകയും ചെയ്ത എല്ലാവർക്കും ഞങ്ങൾ നന്ദി രേഖപ്പെടുത്തുകയാണ്. തുടർന്നും നിങ്ങളുടെ ഉപദേശങ്ങളും മാർഗനിർദ്ദേശങ്ങളും പിന്തുണയും അനുഗ്രഹവുമെല്ലാം ഞങ്ങൾക്ക് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

http://mauk.org/arts-culture/mauk-onam-2017 ഈ ലിങ്കിൽ നിന്ന് ഓണം 2017-നെക്കുറിച്ചുള്ള പൂർണ്ണ റിപ്പോർട്ട് വായിക്കാം

**ചെണ്ട ട്രൂപ്പ്**

2011-ൽ സ്ഥാപിച്ച MAUK ചെണ്ട ട്രൂപ്പ് വിനോദ് നവധാരയുടെ പരിശീലനത്തിലും നേതൃത്വത്തിലും ഈ രാജ്യത്തെ പ്രമുഖ ചെണ്ട ട്രൂപ്പ് ആയി വളരുകയുണ്ടായി. വർഷങ്ങൾ കൊണ്ട് ഈ ട്രൂപ്പ് കോമൺവെൽത്തിന്റെ 50-ആമത് വാർഷിക ആഘോഷങ്ങൾ, ഒളിംപിക് ടോർച്ച് റിലേ, പ്രമുഖ ക്ഷേത്രങ്ങളിലെയും ചർച്ചുകളിലേയും ഉത്സവങ്ങൾ എന്നിവയടക്കം നിരവധി അഭിമാനാർഹമായ വേദികളിൽ തങ്ങളുടെ പ്രകടനം കാഴ്ചവയ്ക്കുകയുണ്ടായി. ഇന്ത്യൻ ഹൈക്കമ്മീഷനിലെ സ്വാതന്ത്ര്യദിന, റിപ്പബ്ലിക് ദിന ആഘോഷങ്ങളിൽ സ്ഥിരമായിത്തന്നെ നമ്മുടെ ട്രൂപ്പിന്റെ ചെണ്ട മേളം ഉണ്ടാകാറുണ്ട്.

2017-ൽ, ഇന്ത്യൻ ഹൈക്കമ്മീഷനിലെ റിപ്പബ്ലിക് ദിനാഘോഷങ്ങൾ, ഈസ്റ്റ് ലണ്ടൻ പോർട്സ്മൗത്തിലെ മുരുകൻ ക്ഷേത്രത്തിലെയും മഹാലക്ഷ്മി ക്ഷേത്രത്തിലെയും രഥോത്സവങ്ങൾ, ഈസ്റ്റ്ബോൺ ചർച്ച് ഫെസ്റ്റിവെൽ MAUK വാർഷിക ദിനം, ഓണം 2017 എന്നിവയടക്കം യുകെയിലെമ്പാടും മൊത്തം 11 വേദികളിൽ ഈ ട്രൂപ്പ് ചെണ്ട മേളം ഒരുക്കി. ടേൺബ്രിഡ്ജ് വെൽസ് മേയേഴ്സ് ഷോയിലും ബാർക്കിങ്ങിലും ക്രോയിഡോണിലും നടന്ന കഥകളി ഷോകളിലും ചെണ്ട മേളം അവതരിപ്പിക്കാനായി സംഗീത ചെണ്ട ട്രൂപ്പുമായി നമ്മൾ സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്തു.

വിവിധ പ്രായ വിഭാഗങ്ങളിൽ പെട്ട സ്ത്രീകളും പുരുഷന്മാരും അടങ്ങിയ 40-ലധികം മേളക്കാർ കഴിഞ്ഞ ആറു വർഷമായി നമ്മുടെ ട്രൂപ്പിൽ തങ്ങളുടെ പ്രകടങ്ങൾ കാഴ്ചവയ്ക്കുന്നുണ്ട്. ഈ പരമ്പരാഗത വാദ്യോപകരണത്തിന്റെ പ്രശസ്തി വർധിപ്പിക്കുന്നതിൽ ഈ മേളക്കാർ പുലർത്തുന്ന അഭിനിവേശവും ആത്മാർപ്പണവും ഈ രംഗത്തെ പ്രമുഖ ചെണ്ട ട്രൂപ്പ് ആയി ഇതിനെ മാറ്റാൻ കാട്ടുന്ന പ്രതിബദ്ധതയും ശ്ലാഘനീയമാണ്. അതിന് വിനോദിനോടും ഈ മേളക്കാരോടും ഞങ്ങൾ കടപ്പെട്ടിരിക്കുകയും അവർക്ക് നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

**നിസരി- MAUK ഗാനമേള ട്രൂപ്പ്**

2017-ൽ, ബോൺമൗത്തിലെ മഴവിൽ സംഗീതം, സൗത്താംപ്ടണിലെ സംഗീത മൽഹാർ, വിൽസ്രാജ് ഷോ ഹോർഷാം, കോവെൻട്രി എന്നിവയടക്കം യുകെയിലുടനീളം നിരവധി വേദികളിൽ ഈ ട്രൂപ്പ് ഗാനമേളകൾ ഒരുക്കുകയുണ്ടായി. ക്രോയിഡോണിലും നോർത്തോൾട്ടിലും പിന്നണി ഗായകരായ ബിജു നാരായണനോടും ഇൽഫോർഡിലും ക്രോയിഡോണിലും നടന്ന ഓണാഘോഷങ്ങളിൽ നജീം അർഷാദ്, രൂപാ രേവതി, വിപിൻ സേവ്യർ എന്നിവരോടും ഒപ്പം ചേർന്ന് സംഗീതോപകരണങ്ങളുമായി വേദി പങ്കിടാനുള്ള അവസരവും നിസരി കലാകാരന്മാർക്ക് ലഭിക്കുകയുണ്ടായി.

**കേരളത്തിന്റെ പരമ്പരാഗതകലകൾ പ്രോത്സാഹിപ്പിക്കൽ**

കേരളത്തിന്റെ കലയും സംസ്കാരവും യുകെയിൽ പ്രോത്സാഹിപ്പിക്കുന്നതിൽ എന്നും മുൻനിരയിൽ തന്നെ ആണ് MAUK. എങ്കിലും കേരളത്തിന്റെ വ്യത്യസ്തങ്ങളായ ആചാരങ്ങളും നാടൻ, പൗരാണിക കലാരൂപങ്ങളും പ്രോത്സാഹിപ്പിക്കാനുള്ള നമ്മുടെ ശ്രമങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു എന്ന് പറയാതെ വയ്യ. പൊതുജനങ്ങൾക്കിടയിൽ അത്ര പ്രശസ്തമല്ലാത്ത പ്രോജക്റ്റുകൾ ഏറ്റെടുക്കുമ്പോൾ

ഉണ്ടാകുന്ന ചെലവുകളാണ് ഇതിനൊരു പ്രധാന കാരണം. ഇത്തരത്തിൽ നാശോന്മുഖമായ കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഈ അമൂല്യമായ കലാരൂപങ്ങൾ അനുഭവിച്ചറിയാൻ നമ്മുടെ സമൂഹത്തിന് അവസരം നൽകുന്നതിനും MAUK അതിന്റേതായ പങ്ക് വഹിക്കണമെന്ന ഏറ്റവും മികച്ചതും അനുയോജ്യവുമായ ഒരു തീരുമാനം 2017-ൽ ബോർഡ് കൈക്കൊള്ളുകയുണ്ടായി. ഈ ലക്ഷ്യം കൈവരിക്കുന്നതിനായാണ് ഇത്തരത്തിലുള്ള കലാരൂപങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്കും സംവാദങ്ങൾക്കും 'കട്ടൻകാപ്പി'യുടെ പ്രവർത്തനം MAUK വിപുലമാക്കിയതും ഓണഘോഷങ്ങളുടെ ഭാഗമായി സദസ്യർക്ക് പുതിയ അനുഭവമായി മാറാൻ ചാക്യാർകൂത്ത് ഉൾപ്പെടുത്തിയതും കഥകളി അവതരിപ്പിച്ചതും

**കഥകളി**

ബാർക്കിങ്ങിലെ റിപ്പിൾ സെന്ററിലാണ് 2017 നവംബർ 11-ന് കഥകളി അവതരണം നടന്നത്. യുകെയിലെ ക്രോയിഡോൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന സംഗീതയുടെ ചെണ്ടമേളക്കാരുമായി കൈകോർത്തു കൊണ്ട് നമ്മുടെ ചെണ്ട ഗ്രൂപ്പിൽ നിന്നുള്ള 40 മേളക്കാർ അവതരിപ്പിച്ച ചെണ്ട മേളത്തോടെയായിരുന്നു ആ സായന്തനം ആരംഭിച്ചത്. ഇതും സദസ്യർക്ക് അപൂർവവും നവ്യവുമായ അനുഭവം പകർന്നു നൽകി.

ഇരയിമ്മൻ തമ്പി രചിച്ച 'ദക്ഷയാഗം' ആണ് കേരളത്തിലെ പ്രമുഖരായ കലാകാരന്മാർ നിറഞ്ഞ് സദസ്സിനു മുന്നിൽ അവതരിപ്പിച്ചത്. ലൈവ് മ്യൂസിക്കിന് സമാനമായ ഒരു നിർവൃതിയുടെ അന്തരീക്ഷം സദസ്യർക്ക് പകർന്നു നൽകി ഈ ദൃശ്യവിരുന്നും.

കലാ ചേതനാ കഥകളി ട്രൂപ്പ് നാഷണൽ ടൂറിന്റെ ഭാഗമായി യു കെയിൽ ഉണ്ടായിരുന്ന ഈ രംഗത്തെ പ്രമുഖരായ കലാമണ്ഡലം കുട്ടികൃഷ്ണൻ, കോട്ടക്കൽ ദേവദാസ്, കലാമണ്ഡലം ബാലചന്ദ്രൻ, കലാമണ്ഡലം മോഹന കൃഷ്ണൻ, സദനം രാമകൃഷ്ണൻ, കലാമണ്ഡലം രാജശേഖരൻ, ബാർബറ വിജയകുമാർ, കലാമണ്ഡലം വിജയകുമാർ എന്നിവർക്ക് നിലയ്ക്കാത്ത ഹർഷാരവങ്ങളാണ് സദസ്യർ നൽകിയത്. മലയാളി ഫങ്ഷനുകളിൽ ഒരു അപൂർവ കാഴ്ചയായിരുന്നു ഇത്.

യുകെയിൽ കഥകളി പ്രൊമോട്ട് ചെയ്യാൻ കലാമണ്ഡലം വിജയകുമാറും കലാമണ്ഡലം ബാർബറാ വിജയകുമാറും നൽകിയ സംഭാവനകൾക്ക് നന്ദി രേഖപ്പെടുത്താൻ MAUK ഈ അവസരം വിനിയോഗിക്കുകയാണ്.

**കട്ടൻകാപ്പി**

നേരത്തേ സൂചിപ്പിച്ചതു പോലെ കട്ടൻകാപ്പിയുടെ പ്രവർത്തനം വിപുലമാക്കുകയും കേരളത്തിന്റെ പരമ്പാരഗത കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കാനുള്ള ദൗത്യം കട്ടൻകാപ്പിയെ ഏൽപിക്കുകയും ചെയ്തു. പ്രവസികളായ മലയാളി എഴുത്തുകാരെയും രചനകളെയും പ്രോത്സാഹിപ്പിക്കുന്ന പുതിയതും തനതുമായ നിരവധി പ്രോജക്റ്റുകൾ ആരംഭിച്ച 2017 വളരെ സാർത്ഥകമായ ഒരു വർഷമായിരുന്നു. ഇനി പറയുന്നതടക്കം കട്ടൻകാപ്പിയുടെ മൊത്തം 10 എപ്പിസോഡുകൾ ആണ് ഉണ്ടായത്:

വസന്തോത്സവം-മഹാകവി കാളിദാസന്റെ ഋതുസമാഹാരത്തെ അടിസ്ഥാനമാക്കി ഉള്ളത്

ഗ്രീഷ്മസംഗമം- മുഖ്യാതിഥിയായി കവയിത്രി അനിതാ തമ്പിയോടൊപ്പം

മ്യൂസിക്കൽ ഈവനിങ്- പ്രശസ്ത സംഗീതജ്ഞൻ പോളി വർഗീസിനോടൊപ്പം. അദ്ദേഹം സദസ്യർക്കായി ഹിന്ദുസ്ഥാനി,ബോൽ,കബീർ സംഗീത ലോകം തുറന്നു നൽകി.

മലയാളിയും മാനവികതയും- റിവർ ഇൻഡസ് ഗ്രൂപ്പുമായി ചേർന്ന് ഹേയിസിൽ (മിഡിൽസെക്സ്) ചർച്ചാ ഫോറം

പ്രഭാ വർമ്മ- പ്രശസ്ത കവി പ്രഭാ വർമ്മയോടൊത്ത് ഒരു സായന്തനം

കഥകളി ബോധവൽക്കരണം-നവംബറിലെ MAUK- യുടെ കഥകളി പ്രോഗ്രാമിനോടനുബന്ധിച്ച് കട്ടൻകാപ്പി ഒരു മാസം നീണ്ട ബോധവൽക്കരണ പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയുണ്ടായി.

'ആരുണം' പ്രദർശനം-പ്രശസ്ത കഥകളി കലാകാരനായ നെല്ലിക്കോട് വാസുദേവൻ നമ്പൂതിരിയെക്കുറിച്ചുള്ള ഡോക്യുമെന്ററി കേരള ഹൗസിൽ പ്രദർശിപ്പിക്കുകയുണ്ടായി. തുടർന്ന് ഈ ഡോക്യുമെന്ററി സംവിധായകൻ കേളി രാമചന്ദ്രൻ ഒരുക്കിയ ചോദ്യോത്തര സെഷൻ.

യു കെ മലയാളി രചയിതാക്കളുടെ സംഗമം- ഇതാദ്യമായി യുകെയിലെ മലയാളി എഴുത്തുകാരുടെ സംഗമം 2017 നവംബർ 19-ന് കേരള ഹൗസിൽ നടന്നു. യുകെയിലെമ്പാടുമുള്ള ഏകദേശം 50 എഴുത്തുകാർ ഇതിൽ പങ്കെടുത്തു. കലാകാരിയും കവയിത്രിയുമായ ഡോ. കവിതാ ബാലകൃഷ്ണൻ ആയിരുന്നു ഈ ചടങ്ങിൽ മുഖ്യാതിഥി.

കട്ടൻകാപ്പിക്ക് സ്വന്തം വെബ്സൈറ്റ്- www.kattankaappi.com. 'മാരാർ വിമർശന യന്ത്രം' എന്നു വിളിക്കുന്ന ഒരു നൂതന ആശയവുമായി 2017-ലാണ് ഈ സൈറ്റിന് തുടക്കം കുറിച്ചത്. വളർന്നു വരുന്ന എഴുത്തുകാർക്ക് തങ്ങളുടെ ക്രിയാത്മക രചനകൾ ഇതിൽ പ്രസിദ്ധീകരിക്കുകയും സൃഷ്ടിപരമായ വിമർശനങ്ങൾ നടത്തുകയും ചെയ്യാം.

MAUK വളണ്ടിയർമാരായ പ്രിയൻ, മുരളി മുകുന്ദൻ, ജോസ് ആന്റണി, മണമ്പൂർ സുരേഷ് എന്നിവരാണ് കട്ടൻകാപ്പി പരിപാടികൾ ആസൂത്രണം ചെയ്യുന്നതും ഏകോപിപ്പിക്കുന്നതും. കട്ടൻകാപ്പിയുടെ എഡിറ്റോറിയൽ വിഷയത്തിൽ MAUK ബോർഡ് തലയിടാറില്ല.

**മലയാളം ലൈബ്രറി**

കേരളാ ഹൗസിൽ ഒരു മലയാളം ലൈബ്രറി എന്ന ആശയം സാക്ഷാൽക്കരിക്കപ്പെട്ടിരിക്കുകയാണ്. കേരള ബഹു സാംസ്കാരിക വകുപ്പു മന്ത്രി എ കെ ബാലൻ കേരള ഹൗസ് സന്ദർശിച്ച വേളയിൽ 2017 സെപ്തംബർ 22-ന് ഈ ലൈബ്രറിയുടെ ഔദ്യോഗിക ഉൽഘാടനം നിർവഹിക്കുകയുണ്ടായി. മലയാളത്തിലെ പ്രശസ്തമായ കൃതികളും പ്രശസ്തരുടെ രചനകളും അതോടൊപ്പം ബ്രിട്ടീഷ് മലയാളി എഴുത്തുകാരുടെയും കവികളുടെയും രചനകളും കൊണ്ട് ഈ ലൈബ്രറി സമ്പന്നമാക്കുകയാണ് ലക്ഷ്യം.

**- സോഷ്യൽ, സ്പോർട്സ്, ലെഷർ സർവീസുകൾ -**

**ഫ്രൈഡേ ക്ലബ്**

2014 നവംബർ 15-ന് ആരംഭിച്ച ഫ്രൈഡേ ക്ലബ് ഈസ്റ്റ് ലണ്ടനിലും പരിസര പ്രദേശങ്ങളിലും ഉള്ള കുടുംബങ്ങൾക്ക് ആഴ്ചയിലൊരിക്കൽ ഒന്നിച്ചു ചേരാനും പരസ്പരം ഇടപഴകാനും കായികവിനോദങ്ങളിൽ ഏർപ്പെടാനും ഉള്ള ഒരു വേദിയാണ്

ഒരുക്കി നൽകുന്നത്. ബോർഡ് ഗെയിമുകൾ, കാർഡ് ഗെയിമുകൾ, മറ്റു ഗെയിമുകൾ, കുക്കറി, കറിയോക്കി എന്നിവ അടക്കമുള്ളവയാണ് ഈ ക്ലബിന്റെ ആക്ടിവിറ്റികൾ.

എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 7 മുതൽ രാത്രി 11 വരെ കൂടിച്ചേരും ഈ ഫ്രൈഡേ ക്ലബ്. MAUK അംഗങ്ങളായ മുതിർന്നവർക്ക് 2 പൗണ്ടും അംഗങ്ങളല്ലാത്ത മുതിർന്നവർക്ക് 3 പൗണ്ടും പ്രവേശന ഫീസ് നൽകണം. കുട്ടികൾക്ക് സൗജന്യമായി പങ്കെടുക്കാം. പങ്കെടുക്കുന്നവർക്ക് പാചകവും ചെയ്യാവുന്നതാണ്. ഭക്ഷണ ചെലവ് ഓരോ ആഴ്ചയും പങ്കിട്ടെടുക്കും.

ഈ വർഷം ഫ്രൈഡേ ക്ലബിന്റെ ഭാഗമായി 4 മുതൽ 11 വരെ വയസ്സുള്ള കുട്ടികൾക്കായി ഒരു ഹോംവർക്ക് ക്ലബ് ഞങ്ങൾ ആരംഭിക്കുകയുണ്ടായി. പക്ഷേ കുട്ടികളുടെ എണ്ണം കുറവായതിനാൽ ഈ സർവീസ് ഞങ്ങൾ അവസാനിപ്പിച്ചു. 2017 ഡിസംബർ 16 ഞായറാഴ്ച ഒരു ക്രിസ്തുമസ് കുടുംബ സംഗമവും ഈ ക്ലബ് സംഘടിപ്പിക്കുകയുണ്ടായി. കുട്ടികൾ അവതരിപ്പിച്ച വൈവിധ്യമാർന്ന നൃത്തവും പാട്ടുകളും ഡിന്നറും ഡാൻസും റാഫിൾസും ഫാമിലി ഗെയിമുകളും ആ വൈകുന്നേരത്തെ മിഴിവുറ്റതാക്കി. നിർഭാഗ്യവശാൽ, MAUK ഭാരവാഹികൾക്ക് ചില അംഗങ്ങളെ പ്രസ്തുത ചടങ്ങിൽ നിന്നും മോശമായ പെരുമാറ്റം മൂലം പുറത്താക്കേണ്ടി വന്നു. അത് സെക്രട്ടറിയുടെ പെരുമാറ്റത്തെ പുറത്താക്കപ്പെട്ട അംഗങ്ങളിൽ ഒരാൾ ചോദ്യം ചെയ്യുന്നതിലേക്കും വിവിധ സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോമുകളിലൂടെ അദ്ദേഹത്തിന്റെ രാജിക്കുള്ള മുറവിളി ഉയർത്തുന്നതിലേക്കും വഴിയൊരുക്കുകയുണ്ടായി. പ്രസ്തുത വിഷയം അന്വേഷിക്കാൻ ബോർഡ് ചെയർമാനേയും വൈസ് ചെയർമാനേയും നിയോഗിക്കുകയുണ്ടായി.

ആ ചടങ്ങിൽ നിന്ന് 500-ലധികം പൗണ്ട് സമാഹരിക്കുകയും MAUK എൽഡേഴ്സ് സർവീസിസിനും ന്യൂഹാം ഫുഡ് ബാങ്കിനും ആയി അത് വീതിച്ചു നൽകുകയും ചെയ്തു. ഈ ചടങ്ങ് ഏകോപിപ്പിച്ചതിനും ധനസമാഹരണം നടത്തിയതിനും ലൈഫ് മെംബർ ആയ ശ്രീ ഹരിലാൽ വാസവന് MAUK നന്ദി രേഖപ്പെടുത്തുന്നു.

**കോച്ച് ട്രിപ്പ്**

ഗ്രൂപ്പ് ട്രിപ്പുകൾക്കും ടൂറുകൾക്കും അംഗങ്ങൾ വലിയ തോതിൽ തന്നെ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടിരിക്കുന്നതിനാൽ, MAUK ചില വർഷങ്ങളുടെ ഇടവേളയ്ക്കു ശേഷം ആദ്യമായി കോച്ച് ട്രിപ്പ് ഈ വർഷം സംഘടിപ്പിക്കുകയുണ്ടായി. 2017 ജൂലൈ 22 ശനിയാഴ്ചയായിരുന്നു ഗ്രേറ്റ് യാർമൗത്ത് സീസൈഡിലേക്കുള്ള ഈ ഏകദിന ഫാമിലി ട്രിപ്പ്. സീറ്റുകൾ പൂർണമായും തത്സമയം തന്നെ നിറഞ്ഞ ഈ ട്രിപ്പ് ഒരു സമ്പൂർണ വിജയമായി മാറുകയും പങ്കെടുത്തവരെല്ലാം നന്നായിത്തന്നെ യാത്ര ആസ്വദിക്കുകയും അടുത്ത വർഷത്തേക്ക് ദീർഘമായ യൂറോപ്യൻ ട്രിപ്പുകളെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**സ്പോർട്സ് കോംപറ്റീഷൻ**

എല്ലാ വർഷവും മലയാളി സമൂഹത്തിനായി ഞങ്ങൾ സംഘടിപ്പിക്കുന്ന വിവിധ സ്പോർട്സ് കോംപറ്റീഷനുകളുടെ എണ്ണത്തിൽ സമയ പരിമിതി മൂലവും പുതുതായി രൂപം നൽകിയ ലണ്ടർ സ്പോർട്സ് ലീഗ് (LSL) നൽകുന്ന മികച്ച സർവീസുകൾ ആവർത്തിക്കുന്നത് ഒഴിവാക്കാനും വേണ്ടി ഈ വർഷം MAUK കുറവു വരുത്തുകയുണ്ടായി. യുകെ മലയാളി സമൂഹത്തിനായി ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ, പൂൾ എന്നിവ അടക്കമുള്ള വിവിധ സ്പോർട്സ് കോംപറ്റീഷനുകൾ സംഘടിപ്പിക്കുന്നതിൽ സ്പെഷ്യലൈസ് ചെയ്യുന്നവരാണ് ഈസ്റ്റ് ലണ്ടൻ ആസ്ഥാനമായി

പ്രവർത്തിക്കുന്ന LSL. നമ്മുടെ അംഗങ്ങൾക്ക് മികച്ച സ്പോർട്സ്, ലെഷർ സർവീസ് നൽകുന്നതിന് LSL-മായി കൈകോർത്തു പ്രവർത്തിക്കാൻ കഴിയുമോ എന്നതിന്റെ സാധ്യതകൾ ഞങ്ങൾ ആരാഞ്ഞു വരികയാണ്.

https://www.facebook.com/groups/1894098487532223/ ഈ ലിങ്കിൽ നിന്ന് LSL-നെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ കാണാം

**യുകെ മലയാളി ക്രിക്കറ്റ് (UKMCL)**

MAUK, കേരള കാത്തലിക് അസോസിയേഷൻ, കേരള കൾചറൽ ആന്റ് വെൽഫെയർ അസോസിയേഷൻ എന്നിവർ ചേർന്ന് 2004-ലാണ് മലയാളി ക്രിക്കറ്റർമാരുടെ വർധിക്കുന്ന ആവശ്യങ്ങൾ പരിഹരിക്കാനും സ്പെഷ്യലൈസ്ഡ് സർവീസുകൾ അവർക്ക് നൽകാനുമായി UKMCL രൂപീകരിച്ചത്. മുൻ വർഷങ്ങളിലേതു പോലെ, ലീഗ് വിജയികളായ ഗ്ലോബൽ ക്രിക്കറ്റ് ക്ലബിന് ഓണാഘോഷ വേളയിൽ UKMCL അവാർഡുകൾ നൽകുകയുണ്ടായി. ക്രോയിഡോൺ ആസ്ഥാനമായുള്ള ഗ്രിഫിൻസ് ക്രിക്കറ്റ് ക്ലബ് ആയിരുന്നു റണ്ണേഴ്സ് അപ്പ്.

http://ukmcl.com എന്ന ലിങ്കിൽ UKMCL-നെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ ലഭ്യമാണ്.

**കാർഡ് കോംപറ്റീഷൻ**

MAUK ആന്വൽ 28 കാർഡ് കോംപറ്റീഷൻ 2017 ഓഗസ്റ്റ് 18-ന് കേരളാ ഹൗസിൽ നടന്നു. ജെയ്ൻലാൽ സോമൻ, പുഷ്കാസ് വാസു, നാരായണൻ നായർ എന്നിവരായിരുന്നു ഈ വർഷത്തെ വിജയികൾ. ആർ സാംബശിവൻ, ജി സുരേഷ് കുമാർ, ദിനേശനൻ ശോഭനൻ എന്നിവർ അടക്കമുള്ളവർ റണ്ണേഴ്സ് അപ്പും. ഇരു ടീമുകൾക്കും അഭിമാനാർഹർമായ MAUK ഓണാഘോഷവേളയിൽ ട്രോഫികൾ സമ്മാനിച്ചു.

**കലോത്സവ് 2017- *ഒരേ ഭാഷയിൽ നാമെല്ലാവരും പുഞ്ചിരിക്കുമ്പോൾ***

950 മുതിർന്നവരും ഏകദേശം 450 കുട്ടികളും കേരളോത്സവ് 2017-ന്റെ മികവുറ്റ ആഘോഷങ്ങൾക്ക് സാക്ഷ്യംവഹിക്കാനെത്തി. സ്വയം പ്രോപ്പർട്ടി സർവീസ് ആണ് യുകെയിലെ ഈ മലയാളി അസോസിയേഷന്റെ ദിവസം മുഴുവൻ നീണ്ട ഈ ഔട്ട്ഡോർ ഈവന്റ് സ്പോൺസർ ചെയ്തത്. 2017 ജൂലൈ 2 ഞായറാഴ്ച ഈസ്റ്റ് ഹാമിലെ ഫ്ളാൻഡേഴ്സ് ഫീൽഡിൽ, "വൈവിധ്യതയുടെ ആഘോഷം' എന്ന ഈ വർഷത്തെ തീമിനു പിന്നിലെ കാഴ്ചപ്പാട് MAUK മനോഹരമായാണ് യാഥാർത്ഥ്യമാക്കിയത്. 'കേരളോത്സവ്' എന്നു പേരിട്ട ഈ ചടങ്ങ് അക്ഷരാർത്ഥത്തിൽ കേരളത്തിന്റെ തനതായ അനുഭവങ്ങൾ പകർന്നു നൽകി. ഈ ചടങ്ങിന്റെ യഥാർത്ഥ ലക്ഷ്യം ഇതിനേക്കാൾ എത്രയോ മടങ്ങ് വലുതാണെന്ന ഊന്നൽ MAUK നൽകുകയുണ്ടായി. മലയാളികൾക്കും അപ്പുറമുള്ള സമൂഹങ്ങളെ ഒന്നിപ്പിക്കുകയും അവർക്കിടയിലെ സൗഹാർദ്ദം പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ് ആത്യന്തികമായി കേരളോത്സവിന്റെ ലക്ഷ്യം. അതിലൂടെ ഇതിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും തനതായ അനുഭവങ്ങൾ നൽകുന്നതിനോടൊപ്പം വൈവിധ്യതകൾ നിറഞ്ഞ ഈ ആഘോഷത്തിന്റെ ഭാഗമായി എന്ന തോന്നൽ ഉണ്ടാക്കുകയും വേണം. വിവിധ സ്റ്റാളുകൾക്കും പ്രസ്തുത ദിവസത്തെ ആക്റ്റിവിറ്റികൾക്കുമായി ഫ്ളാൻഡേഴ്സ് ഫീൽഡ്സ് ഏഴ് വ്യത്യസ്ത സോണുകളായി തിരിച്ചു. ബ്യൂട്ടി ട്രീറ്റ്സ്, കിഡ്സ് കോർണർ, സ്ട്രീറ്റ് ഫുഡ് സ്റ്റാളുകൾ, ലോക്കൽ ബിസിനസ് സ്റ്റാളുകൾ, റെഡി, സെറ്റ്, ഗോ-ട്രാക്ക് ആന്റ് ഫീൽഡ് ഈവന്റുകൾ, പ്ലേ ലൈക്ക് എ

ചാമ്പ്യൻ- ഫുട്ബോൾ, ക്രിക്കറ്റ് മത്സരം, സ്റ്റേജ് എന്നിവ അടക്കം ഉള്ളവയായിരുന്നു ഈ സോണുകൾ.

ഫുട്ബൊൾ മത്സര വേളയിൽ എതിർ ടീമുമായുള്ള വാക്കേറ്റത്തെ തുടർന്ന് ഒരു ടീനേജ് പ്ലേയർക്ക് പരിക്കേൽക്കുകയും ആശുപത്രി ചികിത്സ ആവശ്യമായി വരികയും ചെയ്ത ഒരു അനിഷ്ട സംഭവം ഉണ്ടായി. അതിനാൽ തന്നെ MAUK അതിന്റെ നയങ്ങൾ പുനപ്പരിശോധിക്കാനും കാലികമാക്കാനും ബാധ്യതപ്പെട്ടിരിക്കുകയാണ്. പരിക്കേറ്റ ടീനേജറിന്റെ രക്ഷിതാക്കൾ ഞങ്ങൾക്ക് നൽകിയ സഹകരണത്തിനും ഭാവിയിൽ നടക്കാനിരിക്കുന്ന മത്സരങ്ങൾക്കായി MAUK-യ്ക്ക് തങ്ങളുടെ ആരോഗ്യ, സുരക്ഷാ നയങ്ങൾ കാലികമാക്കാൻ നൽകിയ അവർ സഹായത്തിനും ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു..

സ്വയം പ്രോപ്പർട്ടി സർവീസീസ് ആയിരുന്നു ഈ മേളയുടെ പ്രധാന സ്പോൺസർ. കേരളോത്സവ് 2017-ന്റെ മികവുറ്റ ലോഗോയുടെ ആശയം മലയാളി കലാകാരനായ ശ്രീ ജോസ് ആന്റണിയുടെ സംഭാവനയാണ്.

പ്രസ്തുത ദിവസം പൂർണമായും ആസൂത്രണം ചെയ്യുന്നതിലും സ്റ്റേജുകൾ ഒരുക്കുന്നതിലും MAUK-യ്ക്ക് പതിവു പോലെ മികച്ച വളണ്ടിയർ പിന്തുണയാണ് ലഭിച്ചത്. അതാണ് MAUK-യുടെ തുടർച്ചയായ വിജയത്തിന് പ്രധാന ഘടകമായതെന്നതും സംശയമില്ലാത്ത കാര്യം തന്നെയാണ്. കോർ ഗ്രൂപ്പിന്റെ ആവേശവും പ്രതിബദ്ധതയും ടീം വർക്കും സെൻസേഷണൽ ആയ റിസൾട്ടുകൾക്ക് രാസത്വരകമായി മാറി. ഇന്നു വരെ MAUK സംഘടിപ്പിച്ചതിൽ വച്ചേറ്റവും ഗംഭീരമായ ഔട്ട്ഡോർ ഗാതറിങ് ആയി മാറി കേരളോത്സവ് 2017. അതിനാൽ തന്നെ ഇനി വരാനിരിക്കുന്ന MAUK ഔട്ട്ഡോർ ഈവന്റ് ഇതിനെക്കാളും ഒരുപടി കൂടി ഉന്നതമായിരിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. വിലപ്പെട്ട സംഭാവനകൾ നൽകിയ എല്ലാവർക്കും ഞങ്ങൾ ഈ അവസരം നന്ദി പറയാൻ വിനിയോഗിക്കുകയാണ്.

http://mauk.org/sports/keralolsav-2017-report എന്ന ലിങ്കിൽ നിന്നും കേരളോത്സവ് 2017-ന്റെ പൂർണ റിപ്പോർട്ട് വായിക്കാം.

**ഓണസദ്യ**

2017 സെപ്തംബർ 09-ന് ട്രിനിറ്റി സെന്ററിലായിരുന്നു ഈ വർഷത്തെ ഓണസദ്യ. തൂശനിലയിൽ 18 തരം സ്വാദിഷ്ഠമായ കേരളീയ വിഭവങ്ങൾ കൊണ്ട് 300-ൽപരം പേർക്ക് സദ്യ വിളമ്പി. മുൻ വർഷങ്ങളിലേതു പോലെ, സദ്യയുടെ ടിക്കറ്റുകൾ മുൻകൂട്ടിത്തന്നെ വിറ്റഴിഞ്ഞു. ഉച്ചയ്ക്ക് 12.30 ആരംഭിച്ച സദ്യ നാലു പന്തികളിലായാണ് (ഒരു മണിക്കൂർ ഇടവിട്ട്) വിളമ്പിയത്.

രണ്ട് പ്രധാനപ്പെട്ട കാരണങ്ങൾ കൊണ്ട് തനതാണ് MAUK -യുടെ ഓണസദ്യ. ഒന്നാമതായി, ഞങ്ങൾ തന്നെയാണ് സദ്യ പാചകം ചെയ്യുന്നത്. രണ്ടാമതായി, ഈ സദ്യയിൽ നിന്നുള്ള ലാഭം കൊണ്ട് തുല്യ എണ്ണം സദ്യകൾ കേരളത്തിലുടനീളമുള്ള ചാരിറ്റികളിലെ കുട്ടികൾക്കും പ്രായമേറിയവർക്കും വിളമ്പും. ഈ വർഷം ഞങ്ങൾ ആറ്റിങ്ങലിലെ കരുണാലയത്തിലും ചാത്തന്നൂരിലെ ആനന്ദതീർത്ഥത്തിലും ചാത്തന്നൂരിലെ തന്നെ സ്നേഹനിലയത്തിലും സദ്യകൾ നൽകി.

സദ്യ വിളമ്പേണ്ട നാളിന് രണ്ടാഴ്ച മുമ്പു തന്നെ സദ്യക്കുള്ള തയാറെടുപ്പുകൾ ആരംഭിച്ചിരുന്നു. 60+ സിസ്റ്റേഴ്സ് ക്ലബ് അംഗങ്ങൾ അച്ചാറുകളും ഇഞ്ചിക്കറിയും

രുചികരമായി പാകപ്പെടാൻ പരുവത്തിൽ ഉണ്ടാക്കാൻ ആരംഭിച്ചു. വ്യാഴാഴ്ച വൈകുന്നേരവും വെള്ളിയാഴ്ച രാവിലെയുമായാണ് ഈ സദ്യക്കുള്ള ഷോപ്പിങ് നടത്തിയത്. പെട്ടെന്ന് ലഭ്യമല്ലാത്ത വസ്തുക്കൾ ആഴ്ചകൾക്കു മുമ്പു തന്നെ ഓർഡർ ചെയ്യുകയും കേരളത്തിൽ നിന്ന് എത്തിക്കുകയും ചെയ്തു. MAUK വളണ്ടിയർമാരുടെ സേന സദ്യക്കു വേണ്ടിയുള്ള ചില വിഭവങ്ങൾ തയാറാക്കുകയും പാചകം ചെയ്യുകയും ചെയ്യുന്നതു കണ്ടപ്പോൾ സദ്യയുടെ തലേദിവസം, കേരള ഹൗസ് ഒരു മലയാളി വിവാഹ വീടെന്ന പോലെ തോന്നിച്ചു. മറ്റു ചില വിഭവങ്ങൾ വളണ്ടിയർമാർ വീടുകളിൽ തന്നെ തയാറാക്കി. സദ്യയുടെ ദിവസം രാവിലെ 6 മണിക്ക് ഒരു പ്രൊഫഷണൽ ഷെഫിന്റെ മേൽനോട്ടത്തിൽ പ്രധാന വിഭവങ്ങളായ ചോറും സാമ്പാറും അവിയലും ട്രിനിറ്റി സെന്ററിന്റെ അടുക്കളയിൽ പാചകം ചെയ്യാൻ തുടങ്ങി. യുകെയിലെ മറ്റ് ഓണസദ്യകളിൽ നിന്നും MAUK-ന്റെ സദ്യയെ വേറിട്ടു നിർത്തുന്ന ഘടകം പരമ്പരാഗതമായ രീതിയിൽ തയാറാക്കിയ സ്വാദിഷ്ടമായ വിഭവങ്ങൾ തന്നെയാണതിൽ സംശയമേതുമില്ല. അതിനായാണ് ഞങ്ങൾ എന്നും ശ്രമിക്കുന്നതും.

**അന്താരാഷ്ട്ര വനിതാ ദിനം**

വ്യത്യസ്തമായ ഒന്നായിരുന്നു ഈ വർഷത്തെ MAUK അന്താരാഷ്ട്ര വനിതാ ദിന (IWD) ആഘോഷങ്ങൾ. 2017 മാർച്ച് 25 ശനിയാഴ്ച, നൂറിലധികം സ്ത്രീകൾ ദിവസം മുഴുവനും കേരള ഹൗസിൽ സംഘടിപ്പിച്ച ചടങ്ങിൽ പങ്കെടുക്കുകയുണ്ടായി. #ബീ ബോൾഡ് ഫോർ ചെയ്ഞ്ച് എന്നതായിരുന്നു ഈ വർഷത്തെ IWD തീം. മുൻവർഷങ്ങളിലെ MAUK IWD ചടങ്ങുകൾ കൈവരിച്ച വിജയം കൊണ്ടു മാത്രമല്ല പുതുമുഖങ്ങളെ, പ്രത്യേകിച്ച് യുവതലമുറയേയും വിശാലമായ സമൂഹത്തെയും ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതുമയുള്ള ഇത്തരം സമീപനങ്ങൾ കൈക്കൊള്ളുന്നത്. അത്യന്തികമായി, ഇതിൽ പങ്കെടുത്ത സ്ത്രീകൾക്കെല്ലാവർക്കും ഒരു പുതിയ ഹോബി ആരംഭിക്കാനും ഒരു ചാലഞ്ച് ട്രൈ ചെയ്യാനും ജീവിത ശൈലിയിൽ ആരോഗ്യകരമായ മാറ്റങ്ങൾ സ്വീകരിക്കാനും പുതിയത് എന്തെങ്കിലും പഠിക്കാനും സ്വയം പരിചരണം നൽകാനും സ്ട്രീറ്റുകളിൽ സുരക്ഷിതരായിരിക്കാനും തങ്ങളുടെ മനസ്സും ശരീരവും ആത്മാവും ശ്രദ്ധിക്കാനും പ്രേരകവും ശക്തിയും ആകുകയായിരുന്നു ഇതിന്റെ ലക്ഷ്യം.

യോഗ, ഭരതനാട്യം, മോഹിനിയാട്ടം, ബോളിവുഡ് ഡാൻസ്, എക്സർസൈസ് ടു മ്യൂസിക്, സെൽഫ്-ഡിഫൻസ് ഫോർ വിമൻ, മൈൻഡ്ഫുൾനസ്, ഹെൽത്ത് ചെക്ക് എന്നിവ അടക്കമുള്ള ആകർഷണീയമായ നിരവധി ശിൽപശാലകൾ രാവിലെ 10 മണി മുതൽ ഉണ്ടായിരുന്നു. പിറ്റേ ദിവസം മാതൃദിനം ആയതിനാൽ അമ്മമാരെ ആദരിക്കാൻ ആവശ്യമായ വിഭവങ്ങൾക്കുള്ള അവസരങ്ങളും ഇതോടൊപ്പം ഒരുക്കിയിട്ടുണ്ടായിരുന്നു. നമുക്കിടയിൽ കലാവാസനയുള്ള വനിതകളുടെ ക്രിയാത്മകമായ രചനകൾ കൊണ്ട് തയാറാക്കിയ ആർട്ട് ഗ്യാലറി എവർക്കും പ്രചോദനമേകുന്നതായിരുന്നു. ഉച്ചഭക്ഷണമായി ഇടിയപ്പം തനി കേരളീയ രീതിയിൽ പാചകം ചെയ്ത രുചികരമായ ചിക്കൻ സ്റ്റൂവും വെജിറ്റബിൾ സ്റ്റൂവും സഹിതം വിളമ്പി.

ഭദ്രദീപം കൊളുത്തി മുഖ്യാതിഥിയായ കൗൺസിലർ റോക്ഷണ ഫിയാസ് ഉൽഘാടനം ചെയ്ത ഒരു സെൻസേഷണൽ സ്റ്റേജ് ഷോ ആയിരുന്നു വൈകുന്നേരത്തെ ചടങ്ങ്. 7 മുതൽ 70+ വയസ്സു വരെയുള്ളവർ അവതരിപ്പിച്ച പാട്ട്, നൃത്തം, സ്ക്റ്റുകൾ, കവിത, കഥാപ്രസംഗം തുടങ്ങിയവയായിരുന്നു മറ്റ് കലാപരിപാടികൾ.

http://mauk.org/iwd/mauk-international-womens-day എന്ന ലിങ്കിൽ നിന്നും IWD2017-ന്റെ പൂർണ റിപ്പോർട്ട് വായിക്കാം.

**- എൽഡേഴ്സ് സർവീസുകൾ -**

**60+ സിസ്റ്റേഴ്സ് ക്ലബ്**

ഒരു സമർപ്പിത MAUK വളണ്ടിയർ ആയിരുന്ന അന്തരിച്ച ശ്രീമതി ഗിരിജാ നായർ 2006-ൽ ആരംഭിച്ചതാണ് സിസ്റ്റേഴ്സ് ക്ലബ്. 60 കഴിഞ്ഞ സ്ത്രീകൾക്ക് സൗഹൃദവും സഹായവും ഒരുക്കി നൽകുകയായിരുന്നു ഇതിന്റെ ലക്ഷ്യം. നിലവിൽ രാധാ രാജൻ, രാധാ അശോകൻ, പ്രസന്നാ വിജയകരൺ എന്നിവർ അടക്കമുള്ള നിരവധി പേരുടെ ഊർജസ്വലമായ സഹായത്തോടെ MAUK സീനിയർ ഡയറക്ടർ രാജേശ്വരി സദാശിവൻ ഈ ക്ലബിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ടു കൊണ്ടുപോകുകയാണ്.

25-ലധികം സജീവമായ സ്ഥിരാംഗങ്ങളാണ് ഈ ക്ലബിൽ ഉള്ളത്. അവർ എല്ലാ ചൊവ്വാഴ്ചയും ഉച്ചയ്ക്ക് 1 മണി മുതൽ വൈകുന്നേരം 4 മണി വരെ കേരള ഹൗസിൽ ഒത്തു ചേരുകയും പാട്ട്, കവിത, നൃത്തം, ലഘുവായ വ്യായാമ സെഷനുകൾ, ഫുഡ് ടേസ്റ്റിങ്, കൾചറൽ ഷോകൾക്കുള്ള പരിശീലനം, ഡേ-ട്രിപ്പുകൾ എന്നിവ അടക്കമുള്ള വിവിധ ആക്ടിവിറ്റികളിൽ പങ്കാളികളാകുകയും ചെയ്യും. ഈ ക്ലബിലെ അംഗങ്ങൾ ശക്തമായ ഒരു ബന്ധം കെട്ടിപ്പടുക്കുകയും പരസ്പരം ഒരു സപ്പോർട്ട് നെറ്റ്വർക്ക് ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. മലയാളം സംസാരിക്കുന്നവരും മലയാളം സംസാരിക്കാത്തവരും തമ്മിൽ ഭാഷയുടെ അതിർവരമ്പുകൾ എല്ലാം മായ്ച്ചു കളഞ്ഞ് പരസ്പരം ആശയവിനിമയം നടത്തുകയും ഇടപഴകുകയും ശക്തമായ ബന്ധം കെട്ടിപ്പടുക്കുകയും ചെയ്യുന്നതാണ് ഈ ക്ലബിന്റെ ഏറ്റവും വലിയ സവിശേഷത. ഈ അംഗങ്ങൾ ക്ലബിന്റെ എല്ലാ പ്രവർത്തനങ്ങളിലും തുടർച്ചയായി പങ്കെടുക്കുന്നതും അവരുടെ മെച്ചപ്പെട്ട മാനസിക-ശാരീരിക സൗഖ്യവുമെല്ലാം 60+ സിസ്റ്റേഴ്സ് ക്ലബുമായി ഇടപഴകുന്നതിന്റെ തെളിവുകളായി നമുക്ക് എടുത്തുകാട്ടാവുന്നതാണ്.

ഈ വർഷം, ഈ സിസ്റ്റേഴ്സ് ക്ലബ് അംഗങ്ങൾക്കായി നാല് വൺ-ഡേ ഔട്ടിങ്ങുകൾ ഒരുക്കുകയുണ്ടായി. ഈ നാല് ട്രിപ്പുകളും ഓവർ-സബ്സ്ക്രൈബ്ഡ് ആയിരുന്നു. തങ്ങളുടെ സുഹൃത്തുക്കളോടൊപ്പം യാത്ര പോകാനുള്ള പ്രായമേറിയവരുടെ വർധിച്ച താൽപര്യമാണ് ഇത് എടുത്തു കാട്ടുന്നത്. ഈ ട്രിപ്പുകൾ യാഥാർത്ഥ്യമാക്കിയ ഫോർഡ് കമ്യൂണിറ്റി ട്രാൻസ്പോർട്ട് സ്കീമിനും ആൽഡ്ഗേറ്റിലെ ഹലാൽ റെസ്റ്റോറന്റിനും MAUK ഈ അവസരത്തിൽ നന്ദിയും കൃതജ്ഞതയും രേഖപ്പെടുത്തുകയാണ്.

http://mauk.org/club/60-sisters-club/service-becomes-worship ഈ ലിങ്കിൽ നിന്ന് ഈ ട്രിപ്പിനെക്കുറിച്ചുള്ള പൂർണ വിവരങ്ങൾ വായിക്കാം

**എൽഡേഴ്സ് ക്ലബ്**

എൽഡേഴ്സ് ക്ലബ് എല്ലാ വ്യാഴാഴ്ചയും കേരള ഹൗസിൽ ഒത്തു ചേരും. കാർഡ്, ബോർഡ് ഗെയിമുകൾ, എക്സർസൈസ് ക്ലാസുകൾ, നിറ്റിങ്, ആർട്സ് ആന്റ് ക്രാഫ്റ്റ്സ് എന്നിവ അടക്കമുള്ള വൈവിധ്യമാർന്ന ആക്റ്റിവിറ്റികളിൽ ഈ അംഗങ്ങൾ പങ്കെടുക്കുകയും അവയെല്ലാം ആസ്വദിക്കുകയും ചെയ്യും. 2017 സെപ്തംബർ 07-ന് ഈ ക്ലബിന്റെ വക ഓണസദ്യ ഉണ്ടായിരുന്നു. അംഗങ്ങൾക്കായി പ്രത്യേക ഓണസദ്യയാണ് ഇവിടെ വിളമ്പിയത്. ഈ ക്ലബിന്റെ ക്രിസ്തുമസ് കൂടിച്ചേരൽ 2017 ഡിസംബർ 05-ന് നടന്നു.

മലയാളികളുടെ ആദ്യ തലമുറയിൽ പെട്ട ഒരു വലിയ എണ്ണം ആൾക്കാർ ജോലി ചെയ്ത തദ്ദേശീയ കമ്പനികളിൽ നിന്നുണ്ടായ പിരിച്ചുവിടലിനെ തുടർന്നാണ് 1998-ൽ MAUK എൽഡേഴ്സ് ക്ലബിന് തുടക്കം കുറിക്കുന്നത്. മാനർ പാർക്കിലെ ട്രിനിറ്റി സെന്ററിൽ

ആയിരുന്നു തുടക്കത്തിൽ ഈ സർവീസ്. ന്യൂഹാം കൗൺസിലിൽ നിന്നുള്ള ചെറിയ ധനസഹായത്തോടെയായിരുന്നു അവിടെ അത് പ്രവർത്തിച്ചിരുന്നത്. ഈ കൗൺസിലിൽ നിന്നുള്ള സഹായം മരവിച്ചതോടെ ക്ലബിന്റെ പ്രവർത്തനം കേരള ഹൗസിലേക്ക് മാറ്റുകയായിരുന്നു. മലയാളി സമൂഹത്തിലെ പ്രായമേറിയ വ്യക്തികൾക്ക് കാണാനും പരസ്പരം ഇടപഴകാനും വേദി ഒരുക്കുക എന്ന ലക്ഷ്യമാണ് എന്നും ഈ ക്ലബ് നിലനിർത്തിപ്പോന്നിട്ടുള്ളത്.

**തലമുറ**

ഒരു നീണ്ട ഇടവേളയ്ക്കു ശേഷം, 08/12/17-നു നടന്ന ക്രിസ്തുമസ് സംഗമത്തിൽ തലമുറയിലെ അംഗങ്ങൾ വീണ്ടും ഒന്നിക്കുകയുണ്ടായി. MAUK വളണ്ടിയർ സുരേഷ് സുകുമാരൻ ഏകോപിപ്പിക്കുന്ന തലമുറ എല്ലാ ഒന്നിടവിട്ട വെള്ളിയാഴ്ചകളിലും ഉച്ചയ്ക്ക് 1 മണി മുതൽ വൈകുന്നേരം 6 മണി വരെ കേരള ഹൗസിൽ കൂടിച്ചേരും. ഇൻഫോമൽ ഗാതറിങ്ങുകളിലൂടെയും സോഷ്യൽ ആക്റ്റിവിറ്റികളിലൂടെയും യുകെയിലെ ഒന്നും രണ്ടും മൂന്നും തലമുറയിൽ പെട്ട മലയാളികൾക്കിടയിലെ വിടവ് നികത്തുകയാണ് തലമുറയിലൂടെ ലക്ഷ്യമിടുന്നത്.

**150 ക്ലബ്**

പ്രമേഹം ഉണ്ടാകാൻ സാധ്യതയുള്ള തദ്ദേശീയരായ അംഗങ്ങൾക്കുള്ള എക്സർസൈസ് ബേസ്ഡ് പ്രിവൻഷൻ പ്രോഗ്രം ആണ് 150 ക്ലബ്. എൻ എച്ച് എസ് ന്യൂഹാം ക്ലിനിക്കൽ കമ്മീഷനിങ്ങ് ഗ്രൂപ്പിന്റെ (CCG) ഒരു സംരംഭമാണ് ഈ 150 ക്ലബ്. MAUK ഭാരവാഹികളുടെ പങ്കാളിത്തവും പ്രവർത്തനങ്ങളും ഈ 150 ക്ലബിൽ സജീവമായിത്തന്നെ ഉണ്ട്.

ആഴ്ചയിൽ രണ്ടു തവണ, ചൊവ്വാഴ്ച ഉച്ചയ്ക്ക് 1.30 മുതൽ 2.30 വരെ 150 ക്ലബ് എക്സർസൈസ് പ്രോഗ്രാം കേരള ഹൗസിൽ നടക്കും. 150 ക്ലബ് ആക്ടിവിറ്റികളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന തദ്ദേശീയ വാസികളായ അംഗങ്ങൾ ഈ പ്രോഗ്രാമിലേക്ക് തങ്ങളെ എൻറോൾ ചെയ്യാൻ തങ്ങളുടെ GPകളോട് റഫർ ചെയ്യാൻ അഭ്യർത്ഥിക്കണം.

**ബീഫ്രണ്ടിങ് സർവീസുകൾ**

വീട്ടിൽ തന്നെ കഴിയേണ്ടി വരുന്ന പ്രായമേറിയ വ്യക്തികളെ മറക്കുന്നില്ലെന്ന് ഉറപ്പാക്കാൻ എൽഡേഴ്സ് സർവീസിന്റെ ഭാഗമായി നടത്തുന്ന ഒരു മികച്ചതും കംപാഷണേറ്റും ആയ സർവീസ് ആണ് MAUK ബീഫ്രെണ്ടിങ് സർവീസ്. എൽഡേഴ്സ് സർവീസിൽ പങ്കെടുക്കുന്നവർ വീട്ടിൽ തന്നെ കഴിയേണ്ടി വരുന്ന വ്യക്തികളുടെ അടുത്തേക്ക് ചെന്ന് അവരുമായി സംസാരിക്കുകയും സൗഹൃദം പങ്കുവയ്ക്കുകയും ചെയ്യും. അതു പോലെ തന്നെ ഷോപ്പിങ്ങിൽ സഹായിക്കുക, അപ്പോയ്മെന്റുകൾ അറ്റൻഡ് ചെയ്യുക, എന്തിന് പാർക്കിലേക്കുള്ള ചെറിയ ട്രിപ്പുകളിൽ അവരെ അനുഗമിക്കുക എന്നിങ്ങനെയുള്ള സർവീസുകളും ഓഫർ ചെയ്യുന്നുണ്ട്.

ഈ സർവീസിലൂടെ ആരുടെയെങ്കിലും ശാരീരികവും മാനസികവുമായ ക്ഷേമം മെച്ചപ്പെടുത്താൻ കഴിയുമെന്ന് വിശ്വസിക്കുന്ന ആരെങ്കിലും നിങ്ങളുടെ അറിവിലുണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ info@mauk.org എന്ന വിലാസത്തിൽ ഞങ്ങൾക്ക് ഇമെയിൽ ചെയ്യുകയോ 07960 202 334 എന്ന നമ്പരിൽ ഞങ്ങളെ വിളിച്ചറിയിക്കുകയോ ചെയ്യുക. ഞങ്ങൾ സന്തോഷത്തോടെ അവരെ പോയി കാണും. -

## - എജ്യൂക്കേഷണൽ സർവീസുകൾ -

### MAUK സ്കൂൾ ഓഫ് മ്യൂസിക് ആന്റ് ഡാൻസ്

ഈ സ്കൂൾ നിലവിൽ കേരള ഹൗസിലാണ് മ്യൂസിക് ആന്റ് ഡാൻസ് ക്ലാസുകൾ നടത്തുന്നത്. കൈയിലൊതുങ്ങുന്ന നിരക്കുകളിലാണ് ഈ സർവീസ് ഞങ്ങൾ നൽകുന്നത്. പൊതുവിൽ ഞങ്ങളുടെ ഫീസ് ഈ പ്രദേശത്ത് മറ്റുള്ളവർ നൽകുന്ന സമാന സർവീസുകളെ അപേക്ഷിച്ച് 25% കുറവാണ്. പ്രായമോ പാടവമോ കണക്കിലെടുക്കാതെ ഈ സമൂഹത്തിലെ നിരവധി പേർക്ക് നൃത്തത്തിന്റെയും സംഗീതത്തിന്റെയും ലോകം തുറന്നു കൊടുത്തു കൊണ്ട് പണത്തിന് മൂല്യം നൽകുന്ന മികച്ച ക്ലാസുകൾ നൽകുകയാണ് ഞങ്ങളുടെ ലക്ഷ്യം. ഒരു ഹോബി എന്നോണമോ തങ്ങളുടെ പാടവങ്ങൾ വെളിപ്പെടുത്താനുള്ള ഒരു മാധ്യമം എന്നോണമോ നൃത്തവും സംഗീതവും പഠിക്കാനാണ് ഞങ്ങൾ ഇവരെ പ്രോത്സാഹിപ്പിക്കുന്നത്. ഞങ്ങളുടെ സ്കൂളിലെ വിദ്യാർത്ഥികൾ ട്രിനിറ്റി കോളെജ് ഓഫ് മ്യൂസിക്, ഓറിയന്റൽ ഫൈൻ ആർട്സ് അക്കാദമി ഓഫ് ലണ്ടൻ (OFAAL), ഓറിയന്റൽ എക്സാമിനേഷൻ ബോർഡ് ലണ്ടൻ (OEBL) എന്നിങ്ങനെയുള്ള എക്സ്റ്റേണൽ എക്സാം ബോഡികളുടെ മ്യൂസിക്കൽ ആന്റ് ഡാൻസ് എക്സാമിനേഷനുകളിൽ പങ്കെടുക്കുന്നുമുണ്ട്. അത് UCAS പോയിന്റുകൾ നേടുന്നതിന് അവർക്ക് വഴിയൊരുക്കി നൽകും.

2017-ൽ, MAUK മ്യൂസിക്ക് ആന്റ് ഡാൻസ് സ്കൂളിന്റെ മാനേമെന്റുമായി ബന്ധപ്പെട്ട നയങ്ങൾ പുനപ്പരിശോധിക്കാനും കാലികമാക്കാനും നടപ്പിലാക്കാനും ഞങ്ങൾ പ്രേരിതരായി. ലോക്കൽ അതോറിറ്റിക്ക് ലഭിച്ച ഒരു അജ്ഞാത പരാതിയെ തുടർന്ന് RADO-യുടെ ഉപദേശങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി പ്രസ്തുത ആരോപണങ്ങളിന്മേൽ ഞങ്ങൾ വിശദമായ അന്വേഷണം നടത്തുകയുണ്ടായെങ്കിലും ഈ ആരോപണങ്ങൾ അടിസ്ഥാനരഹിതവും കഴമ്പില്ലാത്തതുമായിരുന്നു എന്നാണ് കണ്ടെത്താൻ കഴിഞ്ഞത്. എന്നിരുന്നാലും ഉർവശി ശാപം ഉപകാരമെന്ന പോലെ, MAUK സ്കൂൾ എപ്രകാരം ഏറ്റവും മികച്ച രീതിയിൽ മാനേജ് ചെയ്യാം എന്ന ഒരു പഠനം നടത്താൻ ഇത് ബോർഡിനെ പ്രാപ്തരാക്കി. ഈ പഠനം വിദ്യാർത്ഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും അഭിപ്രായങ്ങൾ സമാഹരിക്കാനും പഴഞ്ചൻ നയങ്ങൾ കാലികമാക്കാനും പുതിയവ അവതരിപ്പിക്കാനും ഈ സ്കൂൾ മാനേജ് ചെയ്യുന്നതിനായി പുതിയ കീഴ്വഴക്കങ്ങൾ നടപ്പിലാക്കാനും ഞങ്ങളെ സഹായിച്ചു. ഡയറക്ടർമാരെയും അധ്യാപകരെയും വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും വളണ്ടിയർമാരെയും MAUK-യുടെ നയങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും അവ നടപ്പിലാക്കുകയും ചെയ്യണം എന്നതായിരുന്നു പഠനത്തിന്റെ സുപ്രധാന നിർദ്ദേശങ്ങൾ. ഞങ്ങൾ നടപ്പിലാക്കാൻ പ്രയത്നിച്ചു കൊണ്ടിരിക്കുന്ന ഒരു സുപ്രധാന ദൗത്യമാണ് ഇത്. ഈ സ്കൂളിന്റെ സർവീസുകൾ ഇനിയും വിശാലമായി ലഭ്യമാക്കണമെന്നും അതുപോലെ തന്നെ സ്കൂളിന് തനതായ ഒരു വ്യക്തിത്വം സൃഷ്ടിക്കുണമെന്നും രക്ഷിതാക്കളും അധ്യാപകരും ഡയറക്ടർമാരും ഈ രംഗത്തു നിന്നുള്ള വിദഗ്ധരും അടങ്ങിയ ഒരു ഭരണ സമിതിക്ക് സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കൈമാറണമെന്നും ഈ പഠനം നിർദ്ദേശിക്കുകയുണ്ടായി. ഈ സ്കൂളിനെ കൂടുതൽ വിജയകരമാക്കി മാറ്റാനും നിലവാരം ഉയർത്താനും പര്യാപ്തമായ ഈ മാറ്റങ്ങൾ നടപ്പിലാക്കാൻ ആവശ്യമായ ചുവടുകൾ കൈക്കൊള്ളാൻ അടുത്ത ബോർഡിനോട് നിലവിലെ ബോർഡ് അഭ്യർത്ഥിക്കുകയാണ്.

MAUK വർക്ക് പെർമിറ്റിൽ ആയിരുന്ന MAUK സ്കൂൾ പ്രിൻസിപ്പാൾ ശ്രീ വിനോദ് കുമാറിന് യുകെയിൽ പെർമനന്റ് റെസിഡൻസി സ്റ്റാറ്റസ് ലഭിച്ചുവെന്ന കാര്യം അംഗങ്ങളെ അറിയിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. മലയാള സംഗീത

രംഗത്ത് വിശാലമായ അവസരങ്ങൾക്കായി പ്രയത്നിക്കാൻ MAUK-യുടെ ഒരു ജീവനക്കാരൻ എന്ന പദവി വിനോദ് ഇപ്പോൾ രാജി വച്ചിരിക്കുകയാണ്. സെൽഫ്-എംപ്ലോയിഡ് എന്ന നിലയിലാണ് അദ്ദേഹം നിലവിൽ MAUK -ൽ പഠിപ്പിക്കുന്നത്. സജീവ MAUK വളണ്ടിയർ കൂടിയാണ് അദ്ദേഹം. നൽകിയ അചഞ്ചലമായ പിന്തുണയ്ക്കും MAUK ജീവനക്കാരൻ എന്ന നിലയിൽ തന്റെ ചുമതലകൾ പൂർത്തിയാക്കാൻ നൽകിയ സഹായങ്ങൾക്കും MAUK അംഗങ്ങൾക്കും പഴയതും പുതിയതുമായ ബോർഡ് അംഗങ്ങൾക്കും തന്റെ നന്ദിയും സ്നേഹവും അറിയിക്കാൻ വിനോദ് അഭ്യർത്ഥിക്കുകയുണ്ടായി.

**ഭരതനാട്യം ക്ലാസുകൾ**

ശ്രീമതി സന്തോഷ് ജി നായരുടെ മേൽനോട്ടത്തിൽ എല്ലാ ശനിയാഴ്ചയും രാവിലെ 9 മുതൽ ഉച്ച വരെയാണ് ഭരതനാട്യം ക്ലാസുകൾ. വിദ്യാർത്ഥികൾ മികച്ച പ്രകടനങ്ങൾ കാഴ്ചവയ്ക്കുകയും OFAAL, OEBL എക്സ്മാനിനേഷൻ ബോർഡിൽ ഗ്രേഡുകൾ സ്വന്തമാക്കുകയും ചെയ്യുന്നുണ്ട്. ഓണം 2017-ലും മറ്റ് സാമൂഹിക സംഘടനകൾ സംഘടിപ്പിച്ച നിരവധി പരിപാടികളും ഈ വിദ്യാർത്ഥികൾ തങ്ങളുടെ നൃത്തം അവതരിപ്പിക്കുകയുണ്ടായി.

**മോഹിനിയാട്ടം ക്ലാസുകൾ**

മികച്ച നർത്തകിയായ ശ്രീമതി കലാമണ്ഡലം ശ്രുതിയുടെ നേതൃത്വത്തിൽ 2017-ൽ MAUK മോഹിനിയാട്ടം ക്ലാസുകൾ ആരംഭിക്കുകയുണ്ടായി. കേരള ഹൗസിൽ ഒന്നിടവിട്ട ശനിയാഴ്ചകളിൽ രാവിലെ 7 മുതൽ 9 വരെയാണ് ഈ ക്ലാസുകൾ. നിലവിൽ അധ്യാപിക ദീർഘകാല അവധിയായതിനാൽ ക്ലാസുകൾ തൽക്കാലം മുടങ്ങിയിരിക്കുകയാണ്.

**ചെണ്ട, മൃദംഗം ക്ലാസുകൾ**

കൊട്ടുവാദ്യ ക്ലാസുകളിൽ ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഇപ്പോൾ വലിയ വർധനയാണ് ഉണ്ടായിട്ടുള്ളത്, പ്രത്യേകിച്ച് മലയാളികളല്ലാത്തവർ. വൺ-ടു-വൺ ട്യൂഷനും, വീക്ഡേ ഈവനിങ് ക്ലാസും വീക്കെൻഡ് ക്ലാസുകളും സൗകര്യപ്രദമായ സമയത്ത് വിദ്യാർത്ഥികൾക്ക് എത്താനും സ്വന്തം ഇഷ്ടാനുസരണം പാഠങ്ങൾ പഠിക്കാനും ഉള്ള അവസരമാണ് നൽകിയിരിക്കുന്നത്. ശ്രീ. വിനോദ്കുമാർ സുകുമാരൻ ആണ് ഈ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നത്.

**കീബോർഡ് & ഗിത്താർ ക്ലാസുകൾ**

കീബോർഡ് ആന്റ് ഗിത്താർ ക്ലാസുകളിൽ എത്തുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർധന ഉണ്ടായിട്ടുണ്ട്. ശനിയാഴ്ചയും ഞായറാഴ്ചയും ഉച്ചതിരിഞ്ഞാണ് ഇപ്പോൾ ഈ ക്ലാസുകൾ നടക്കുന്നത്. 5 മുതൽ 60 വയസ്സു വരെയുള്ള വിദ്യാർത്ഥികൾ നമുക്ക് ഉണ്ട്. പ്രശസ്ത സംഗീതജ്ഞനും മ്യൂസിക് കമ്പോസറുമായ ശ്രീ. ആൽബർട്ട് വിജയൻ ആണ് MAUK വിദ്യാർത്ഥികളെ സംഗീത ലോകത്തേക്ക് കൈപിടിച്ച് ഉയർത്തുന്നത്.

**വാർഷിക ദിനം**

വാൻസ്റ്റെഡിലെ ബ്രേഡിങ് ക്രെസന്റ് കമ്യൂണിറ്റി സെന്ററിൽ 2017 ജൂൺ 10

ശനിയാഴ്ചയായിരുന്നു മ്യൂസിക്ക് ആന്റ് ഡാൻസ് സ്കൂൾ ആന്വൽ ഡേ നടന്നത്. MAUK സ്കൂളിൽ നിന്നുള്ള എല്ലാ പ്രായവിഭാഗങ്ങളിലും പാഠവങ്ങളിലും പെട്ട 100-ലധികം വിദ്യാർത്ഥികൾ സ്റ്റേജിൽ തങ്ങളുടെ പ്രകടനം കാഴ്ചവയ്ക്കുകയും സദസ്യർ കരഘോഷങ്ങളോടെ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പങ്കെടുത്ത എല്ലാവർക്കും പ്രസ്തുത ദിവസം ഗുരുക്കന്മാർ 'സർട്ടിഫിക്കറ്റ് ഓഫ് അചീവ്മെന്റ്' നൽകി. തങ്ങൾ വർഷങ്ങൾ കൊണ്ട് പഠിച്ച കാര്യം ഒരു ഇൻഫോമൽ സെറ്റിങ്ങിൽ അവതരിപ്പിക്കാനും സ്റ്റേജിൽ പ്രകടനം നടത്താനുള്ള ആത്മവിശ്വാസം വർധിപ്പിക്കാനും ഞങ്ങളുടെ വിദ്യാർത്ഥികൾക്ക് സഹായകമാകും വിധമാണ് ഈ വാർഷിക ഷോ ഞങ്ങൾ സംഘടിപ്പിച്ചത്. ചെലവിന്റെ ഒരു ഭാഗം വഹിക്കുന്നതിനായി മുതിർന്നവരിൽ നിന്ന് 5 പൗണ്ട് എന്ന ഒരു സാധാരണ നിരക്ക് ഈടാക്കി. ബാക്കി സ്കൂൾ ഫണ്ടിൽ നിന്ന് ചെലവഴിക്കുകയും ചെയ്തു. ഈ വർഷം വളരെ കുറഞ്ഞ ചെലവിൽ സ്കൂൾ സപ്പോർട്ടേഴ്സ് വീട്ടിൽ പാചകം ചെയ്ത് നൽകിയ അത്താഴം എല്ലാവർക്കും വിളമ്പി.

**എജ്യൂക്കേഷണൽ അവാർഡുകൾ 2017**

ആരാധ്യനായ ലോഫ്ടൺ മേയറും മുഖാതിഥിയുമായ കൗൺസിലർ ഫിലിപ്പ് എബ്രഹാം ഓണാഘോഷ വേളയിൽ അഭിമാനാർഹമായ MAUK എജ്യൂക്കേഷണൽ അവാർഡുകൾ സമ്മാനിക്കുകയുണ്ടായി. സൗത്താംപ്ടണിൽ നിന്നുള്ള ഏറ്റവും മികച്ച GCSE പ്രകടനത്തിന് ആലിഷാ ജിബി അവാർഡ് നേടി. കാറ്റെലിൻ ലക്ഷ്മി ധർമ്മജൻ തൊട്ടടുത്ത് രണ്ടാം സ്ഥാനത്തും. ക്ലേഹാളിൽ നിന്നുള്ള പ്രണവ് പിള്ള ഏറ്റവും മികച്ച A-Level-നുള്ള അവാർഡ് നേടിയപ്പോൾ ഇൽഫോർഡിൽ നിന്നുള്ള അഞ്ജനാ സ്വയം കുമാർ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ടെക്ടെക്സ് ഇന്റർനാഷണൽ ആണ് GCSE, A-Level ഒന്നാം സമ്മാന ജേതാക്കൾക്കുള്ള ക്യാഷ് പ്രൈസ് സ്പോൺസർ ചെയ്തത്.

കർശനമായ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടാണ് MAUK വിജയികളെ തെരഞ്ഞെടുക്കുന്നത്. വിദ്യാർത്ഥികൾ സമർപ്പിച്ച തെളിവുകൾ ഒരു ലോക്കൽ സ്കൂളിലെ സബ്ജക്റ്റ് ലീഡായ ശ്രീ. നാഗപ്പൻ ശിവസ്വാമിയുടെ നേതൃത്വത്തിലുള്ള സംഘം സൂക്ഷമമായി വിലയിരുത്തും. ഈ നടപടിക്രമത്തിൽ MAUK ഡയറക്ടർമാരെ തലയിടുകയോ സ്വാധീനിക്കുകയോ ചെയ്യില്ല. വളരെ ചെറിയ പോയിന്റ് വ്യത്യാസങ്ങളിൽ അസാധാരണ എൻട്രികളാണ് ഈ വർഷം ലഭിച്ചവയിൽ ഏറെയും. നമ്മുടെ യുവ തലമുറ വിദ്യാഭ്യാസത്തിൽ കൈവരിക്കുന്ന നേട്ടങ്ങളിൽ MAUK-യ്ക്ക് അങ്ങേയറ്റം അഭിമാനമുണ്ട്. ഇത്തരത്തിലുള്ള മികച്ച ഫലങ്ങൾ നേടിയതിന് വിദ്യാർത്ഥികളെയും അതുപോലെ തന്നെ രക്ഷിതാക്കളെയും ഞങ്ങൾ അഭിനന്ദിക്കുകയാണ്. വിജയികളായ ഈ എല്ലാ യുവ പ്രതിഭകളുടെയും പ്രൊഫൈലുകൾ 2018-ലെ നമ്മുടെ ജനനി ലക്കത്തിൽ ഉൾപ്പെടുത്താം എന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഈ പിന്തുണയ്ക്കും സഹായത്തിനും ശ്രീ ശിവസ്വാമിക്ക് ബോർഡ് ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുകയാണ്.

**- കമ്യൂണിറ്റി -**

**ഇൻസ്പിരേഷണൽ ഇൻഡിവിജ്യുവൽ അവാർഡുകൾ**

ഈ കമ്യൂണിറ്റിക്ക് പ്രചോദനാത്മകമായ നേട്ടങ്ങൾ നൽകിയ ഈ കമ്യൂണിറ്റിക്കുള്ളിലെ മാതൃകകളായ റോൾ മോഡലുകളും അംഗീകാരം അർഹിക്കുന്നവരുമായ വ്യക്തികളെ ആദരിക്കാൻ ആരംഭിച്ചതാണ് ഇൻസ്പിരേഷണൽ ഇൻഡിവിജ്യുവൽ അവാർഡ്. ഈ കമ്യൂണിറ്റിയിൽ നിന്നുള്ള രണ്ട് മികച്ച സ്ത്രീകൾക്കാണ് ഈ ഇൻസ്പിരേഷണൽ ഇൻഡിവിജ്യുവൽ അവാർഡ് നൽകിയത്

സ്തുത്യർഹമായ പരിശ്രമങ്ങളും വിസ്മയകരമായ നേട്ടങ്ങളും കൊണ്ട് തന്റെ വിജയകരമായ സ്വയം ഗ്രൂപ്പ് ഓഫ് കമ്പനീസിലൂടെ ഈ കമ്യൂണിക്ക് ആത്മാർത്ഥമായ സേവനങ്ങൾ നൽകിയ ശ്രീമതി ഷീബാ അനിൽ ആണ് ഈ സ്ത്രീ രത്നങ്ങളിൽ ഒരാൾ.

യുകെയിലെ മലയാളി കമ്യൂണിറ്റിയിൽ നിന്നുള്ള ആദ്യ വനിതാ ഫുട്ബോളർ ആയ മിസ് നീതു ഹരിദാസ് ആണ് മറ്റൊരാൾ. കളിയിലെ മികവും ലീഗ് ലെവൽ വരെയുള്ള നേട്ടവും കൊണ്ട് വിജയം കൈപ്പിടിയിൽ ഒതുക്കാനുള്ള ദൃഢനിശ്ചയം ആണ് നീതുവിനെ ഈ അവാർഡിന് അർഹയാക്കിയത്.

ഈ അവാർഡിന് അർഹരായ ആരെയെങ്കിലും നിങ്ങൾക്ക് നോമിനേറ്റ് ചെയ്യണം എന്നുണ്ടെങ്കിൽ, ഈ അവാർഡിന് അവർ എന്തു കൊണ്ട് അർഹരാകുന്നു എന്ന വിശദീകരണവുമായി info@mauk.org എന്ന ഇമെയിൽ വിലാസത്തിൽ ഞങ്ങളെ അറിയിക്കുക.

**MAUK/ ഗിരിജാ നായർ- വളണ്ടിയർ ഓഫ് ദി ഇയർ അവാർഡ്**

MAUK വളണ്ടിയർമാരുടെ മികവുറ്റ സംഭാവനകൾ ആഘോഷിക്കാനും അംഗീകരിക്കാനും അഭിനന്ദിക്കാനും 2003-ൽ ആരംഭിച്ചതാണ് ഈ വളണ്ടിയർ അവാർഡ്. MAUK-ലെ ഏറ്റവും മികച്ച വളണ്ടിയർമാരിൽ ഒരാളായ ഗിരിജാ നായരുടെ സ്മരണാർത്ഥം ഈ അവാർഡിനെ 2014-ൽ MAUK ഗിരിജാ നായർ എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി.

MAUK എൽഡേഴ്സ് സർവീസിന് നൽകിയ സ്തുത്യർഹമായ സംഭാവനകളെ മാനിച്ച് 2017-ലെ വളണ്ടിയർ ഓഫ് ദി ഇയർ അവാർഡ് ഇത്തവണത്തെ ഓണാഘോഷ വേളയിൽ ശ്രീമത് രാധാ രാജന് സമ്മാനിക്കുകയുണ്ടായി.

http://mauk.org/girija-nair-volunteer-awards ലിങ്കിൽ നിന്ന് കൂടുതൽ വായിക്കുക.

**മലയാളം മിഷൻ**

2017 സെപ്തംബർ 22-ന് മലയാളം മിഷന്റെ (MM) ഉൽഘാടന ചടങ്ങിന് കേരളാ ഹൗസ് ആതിഥ്യം വഹിക്കുകയുണ്ടായി. ഈ ചരിത്ര നിമിഷത്തിന് കേരള സാംസ്കാരിക മന്ത്രി ബഹു. എ കെ ബാലൻ സാക്ഷ്യംവഹിക്കുകയും MM UK ചാപ്റ്റർ ഉൽഘാടനം ചെയ്യുകയും ചെയ്തു. അദ്ദേഹത്തോടൊപ്പം എ പ്രദീപ്, സണ്ണി ജോസഫ്, കെ കൃഷ്ണൻ കുട്ടി എന്നീ എം എൽ എമാരും സന്നിഹിതരായിരുന്നു. ഇതോടൊപ്പം കേരളാ ഹൗസിൽ നിലകൊള്ളുന്ന MAUK-ന്റെ മലയാളം ലൈബ്രറിയും അദ്ദേഹം ഉൽഘാടനം ചെയ്തു.

**കേരള സ്പീക്കറുടെ സന്ദർശനം**

കേരള നിയമസഭാ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണനെ വരവേൽക്കാനായി 2016 നവംബർ 18 ശനിയാഴ്ച കേരള ഹൗസിൽ ഒരുക്കിയ ചടങ്ങിൽ 70-ലധികം കമ്യൂണിറ്റി അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. വെറും മൂന്നു ദിവസത്തെ നോട്ടീസിലും വീക്ഡേ വൈകുന്നേരവുമാണ് ഈ സ്വീകരണം ഒരുക്കിയതെങ്കിലും പ്രതീക്ഷിച്ചതിനേക്കാളും ധാരാളം പേർ വന്നെത്തുകയുണ്ടായി. MAUK ചെയർ ശ്രീ. സുധീരൻ വാസുദേവൻ സ്പീക്കറെ ബഹുമാനപുരസ്സരം കേരള ഹൗസിലേക്ക് ആനയിക്കുകയും അഭിനന്ദിക്കുകയും കേരളാ ഹൗസ് സന്ദർശിക്കുന്ന മൂന്നാമത്തെ കേരള സ്പീക്കർ ആണ്

ശ്രീ. ശ്രീരാമകൃഷ്ണൻ എന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു. അതോടൊപ്പം മൺമറഞ്ഞ മുൻ കേരളാ സ്പീക്കർ ശ്രീ കാർത്തികേയൻ ആണ് 1996 ഒക്ടോബർ 2-ന് ഈ MAUK കെട്ടിടത്തിന് കേരളാ ഹൗസ് എന്ന് നാമകരണം ചെയ്തതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

വിദേശ മലയാളികളുടെ മാറ്റങ്ങൾ ഉൾക്കൊള്ളാനുള്ള കഴിവും കഠിനാധ്വാനവും ബഹുമാനപ്പെട്ട സ്പീക്കർ എടുത്തു പറയുകയും ബ്രിട്ടീഷ് മലയാളികൾ അടക്കമുള്ള വിദേശ മലയാളി സമൂഹത്തിന്റെ നിക്ഷേപം കൊണ്ടാണ് ഭാഗികമായെങ്കിലും കേരളം ഉന്നത ജീവിത നിലവാരം ആസ്വദിക്കുന്നതെന്നും അദ്ദേഹം സൂചിപ്പിക്കുകയുമുണ്ടായി.

സ്പീക്കറുടെ പ്രസംഗത്തെ തുടർന്ന് MAUK സെക്രട്ടറി ശ്രീജിത്ത് ശ്രീധരൻ നയിച്ച ഒരു ചോദ്യോത്തര സെഷനും ഉണ്ടായിരുന്നു. ഈ സെഷനിൽ, പ്രോഗ്രസീവ് മലയാളി സൊസൈറ്റി, ശ്രീനാരായണ ഗുരു മിഷൻ, കേരള കാത്തലിക് അസോസിയേഷൻ, യു കെ മലയാളി ക്രിക്കറ്റ് ലീഗ്, റിട്ടയേർഡ് മെംബേഴ്സ് അസോസിയേഷൻ എന്നിവ അടക്കമുള്ള മറ്റ് കമ്യൂണിറ്റി സംഘടനകളിൽ നിന്നുള്ള അതിഥികളെ സെക്രട്ടറി പരിചയപ്പെടുത്തുകയും ചെയ്തു.
MAUK ഫ്‌ളാഗ്ഷിപ്പ് പ്രോജക്ടിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച 'ഔർ സ്റ്റോറി: ഓണം' പുസ്തകത്തിന്റെ പകർപ്പും ഡിവിഡിയും സ്പീക്കർക്ക് MAUK ഡയറക്ടർ അനിൽകുമാർ എടവന ഉപഹാരമായി നൽകി. ഈ പുസ്തകമാണ് യുകെയിലെ പ്രൈമറി സ്കൂളുകളിൽ ഓണത്തെയും കേരളസംസ്കാരത്തെയും കുറിച്ച് പഠിപ്പിക്കാൻ ഉപയോഗിക്കുന്നത്.

MAUK ടീം ലീഡർ നിഷാർ വി നാഥിന്റെ നന്ദിപ്രമേയത്തോടെ ഈ ചടങ്ങ് അവസാനിക്കുകയും തുടർന്ന് ഈസ്റ്റ് ഹാമിലെ തട്ടുകട സ്പോൺസർ ചെയ്ത ലഘുവായ അത്താഴം വിളമ്പുകളും ചെയ്തു. എ & എസ് മീഡിയയിലെ അനു സോജൻ ആയിരുന്നു ഈ ചടങ്ങിന്റെ ഓദ്യോഗിക ഫോട്ടോഗ്രാഫർ.

**- ഫിനാൻസ് -**

**സ്പോൺസർഷിപ്പുകളും സംഭാവനകളും**

എൻ ജി ഒകൾക്കുള്ള സർക്കാർ ധനസഹായങ്ങൾ വർഷങ്ങൾ കൊണ്ട് നാമമാത്രമായിരിക്കുകയാണ്. നിശ്ചിത കമ്യൂണിറ്റികളുടെ സേവനങ്ങൾക്കും പ്രവർത്തനങ്ങൾക്കും അനുയോജ്യമായ സാമ്പത്തിക സഹായങ്ങൾക്കു പകരം ലഭ്യമായ പരിമിതമായ സഹായങ്ങൾ കൊണ്ട് ഈ ബ്രഹത്തായ കമ്യൂണിറ്റിയുടെ ഏറ്റവും സുപ്രധാനമായ പ്രോജക്റ്റുകൾക്കു മാത്രമേ പരിഹാരം കാണാൻ കഴിയുന്നുള്ളൂ. ഇത്തരത്തിൽ പ്രാമുഖ്യങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ കൊണ്ട് MAUK പോലെയുള്ള സംഘടനകൾക്ക് ബിസിനസിൽ നിന്നുള്ള സ്പോൺസർഷിപ്പുകളെയും ദയാലുക്കളായ വ്യക്തികളിൽ നിന്നുള്ള സംഭാവനകളെയും സർവീസുകൾ ഉപയോഗിക്കുന്നവരിൽ നിന്നുള്ള ഫീസുകളെയും കൂടുതലായി ആശ്രയിക്കേണ്ടി വരുന്നു. വരുമാനത്തിൽ വൻ കുറവ് ഉണ്ടായിട്ടും, എൽഡേഴ്സ് സർവീസുകൾക്കു വേണ്ട ചെലവുകളിൽ ഞങ്ങൾ മുടക്കമൊന്നും വരുത്തിയിട്ടില്ല. ഈ വർഷം മാത്രം, MAUK ഫണ്ടിൽ നിന്ന് 3000 പൗണ്ട് ആണ് എൽഡേഴ്സ് സർവീസുകൾക്കായി ഞങ്ങൾ ചെലവഴിച്ചത്.

സാമ്പത്തിക വെല്ലുവിളികൾ നേരിടുന്ന ഈ ഘട്ടത്തിലും സ്പോൺസർഷിപ്പുകളിലൂടെ, പ്രത്യേകിച്ച് ഓണവും കേരളോത്സവും പോലെയുള്ള സുപ്രധാന പരിപാടികളിൽ നിന്ന്, നല്ലൊരു തുക സമാഹരിക്കാൻ MAUK-യ്ക്ക് കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ 2014

മുതൽ ന്യൂഹാമിലെ ലണ്ടൺ ബറോയിൽ നിന്ന് ലഭിക്കുന്ന 500 പൗണ്ട് ധനസഹായവും നമുക്ക് ലഭിക്കുകയുണ്ടായി.

2017-ലെ പ്രധാന സ്പോൺസർ ആയ സ്വയം പ്രോപ്പർട്ടി സർവീസിന് അവർ തുടർന്നും നൽകുന്ന പിന്തുണയ്ക്ക് നന്ദി രേഖപ്പെടുത്താൻ ബോർഡ് ഈ അവസരം വിനിയോഗിക്കുകയാണ്. അതു പോലെ തന്നെ നമ്മുടെ സഹ സ്പോൺസർമാരായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഗ്രീൻ സ്റ്റോപ്പ് ഗ്രോസേഴ്സ്, ഉദയാ റെസ്റ്റോറന്റ്, ക്രോസ്പേ ഡിജിറ്റൽ മണി ട്രാൻസ്ഫർ, ടെക്സ്ടെക് ഇന്റർനാഷണൽ, ജോൺ പോൾ സോളിസിറ്റേഴ്സ്, നെയിൽ ട്രാവൽസ്, ജോയി ആലുക്കാസ്, സാം ട്രാവൽസ്, വിറ്റാ-ഗ്രേ കോൺട്രാക്ടേഴ്സ് എന്നിവർക്കും ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു.

ഇതോടൊപ്പം ബാർക്ലേസ് ബാങ്കിൽ നിന്നും റോയൽ മെയിലിൽ നിന്നും ഞങ്ങളെ പിന്തുണയ്ക്കുന്നവരുടെ വിലപ്പെട്ട സംഭാവനകൾക്കും ഞങ്ങൾ എന്നും കൃതജ്ഞത ഉള്ളവരായിരിക്കും.

**വാർഷിക അക്കൗണ്ടുകൾ**

എക്സ്റ്റേണൽ ആയി ഓഡിറ്റ് ചെയ്ത 2017-ലെ കണക്കുകൾ ഈ റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് നൽകിയിട്ടുണ്ട്.

**- പ്രമേയങ്ങൾ -**

ഏതെങ്കിലും പ്രമേയങ്ങൾ അവതരിപ്പിക്കാൻ അംഗങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ AGM-ന് ഏഴു ദിവസം മുമ്പ് അക്കാര്യം കമ്പനി സെക്രട്ടറിയെ അറിയിക്കണം. നിർദ്ദേശിക്കുന്ന പ്രമേയങ്ങൾക്ക് രണ്ട് അംഗങ്ങളുടെ പിന്തുണ ഉണ്ടായിരിക്കണം. പ്രസ്തുത വിഷയം ചർച്ചയ്ക്കെടുക്കുമ്പോൾ AGM-ൽ ഈ മൂന്ന് അംഗങ്ങളും സന്നിഹിതരായിരിക്കുകയും വേണം.

**- ശുഭം -**